Registered No. M-4485 Madras War Review, Malayalam—9-3-1945

# യുദ്ധസഞ്ചിക

വോള്യം IV] മലിരാശി: 1945 മാർച്ച് 9-ാംനു, വെള്ളിയാഴ്ച [ലക്കം 26



## ലോക സമാധാനത്തിലേയ്ക്കുള്ള മാർഗ്ഗം

ലോക സമാധാനത്തിലേക്കുള്ള മാർഗ്ഗത്തിലൂടെ ഒരു നല്ല പ്രയാണം ആരംഭിച്ചു എന്ന ദൃഢവിശ്വാസത്തോടെയാണു് ഞാൻ ക്രീമിയൻ സമ്മേളനത്തിൽനിന്നുവരുന്നതു്.


ഈ സംഗതികളെപ്പററി നിർഭയമായും സ്വതന്ത്രമായും ഞങ്ങൾ വളരെ ദിവസങ്ങളോളം വിവാദം നടത്തി. എല്ലാ കാര്യങ്ങളിലും ഞങ്ങൾ ഐകകണ്ഠ്യേന യോജിച്ചു. വാക്കുകളിൽ മാത്രമല്ല, ചിന്തയിലും ഞങ്ങളിൽ പരിപൂർണ്ണമായ ഐക്യമുണ്ടായിരുന്നു.

ഹിററ്ലർ സഖ്യപക്ഷത്തിൽ ഛിദ്രമുണ്ടാകുമെന്നാശിച്ചു. എന്നാൽ ആയാൾക്കു നിരാശപ്പെടേണ്ടിവന്നു.

യുദ്ധോദ്ദേശ്യങ്ങളിൽമാത്രമല്ല, സമാധാനലക്ഷ്യങ്ങളിലും കൂടി പണ്ടൊരിക്കലുംതന്നെ ഉണ്ടാവാത്തത്ര യോജിപ്പു് ഇന്നു് സഖ്യശക്തികൾക്കിടയിലുണ്ടു്. അവർ പരസ്പരവും, മററു സമാധാനകാംക്ഷികളായ രാഷ്ട്രങ്ങളോടൊത്തുചേർന്നും മുന്നോട്ടു പോകുന്നതിന്നു തീരുമാനിച്ചിരിക്കുന്നു.

—പ്രസിഡെണ്ടു് റൂസ്‌വെൽട്ടു്, 1945 മാർച്ച് 1-ാംനു, യാൾട്ടാ തീരുമാനങ്ങളെപ്പററി കോൺഗ്രസ്സിന്നു വാഷിങ്ടനിൽവെച്ചു സമർപ്പിച്ച റിപ്പോർട്ടിൽ

# ഞാൻ നിങ്ങളെ വിശ്വസിക്കുന്നു



ഇന്ത്യയിലെ സർവ്വസൈന്യാധിപൻ, സർ ക്ലാഡ് ആക്കിൻലക്ക് ഡൽഹിയിൽനിന്ന് 1945 മാർച്ച് 3-ാംനു ചെയ്ത ഒരു പ്രക്ഷേപണത്തിൽ ഇങ്ങനെ പ്രസ്താവിക്കയുണ്ടായി:

ജപ്പാന്നെതിരായുള്ള സഖ്യശക്തികളുടെ ഞെരുക്കലിന്ന ശക്തി ക്രമപ്രവൃദ്ധമായിരുന്നു. അവസാനവിജയംവരെ ഇതു തുടർന്നുവരുമെന്നു നമുക്കു വിശ്വസിക്കുകയും ചെയ്യാം.

വിജയത്തിന്റെ സത്ത്, ശത്രുവിനെ അത്ഭുതപ്പെടുത്തുകയാണ്. അതായതു, അവനെ അവനറിയാതെ ചെന്നുപിടിക്കുക. യുദ്ധത്തോളം തന്നെ പഴക്കം ചെന്ന ഒരു ചൊല്ലാണിതു്. ശത്രുവിനെ അങ്ങിനെ അത്ഭുതപ്പെടുത്തണമെങ്കിൽ, നമ്മുടെ ഉദ്ദേശങ്ങളെല്ലാം പരമ രഹസ്യമാക്കി വെക്കേണ്ടതും അത്യാവശ്യമാണ്.

## ഉത്തരവാദിത്വം നമ്മുടേതാണ്

ജപ്പാന്നെതിരായ സമരത്തിലെ പ്രധാനതാവളങ്ങളിലൊന്നാണ് ഇന്ത്യ. ഇന്ത്യക്കാരായ നമുക്കു, നാം എവിടെ എന്തു ജോലിയിലിരുന്നാലും വേണ്ടില്ല, ഒരു വമ്പിച്ച ഉത്തരവാദിത്വമുണ്ടു്—നമ്മുടെ സജ്ജീകരണങ്ങളേയും ഉദ്യമങ്ങളേയും കുറിച്ചുള്ള വാർത്തകൾ ചോർന്നുപോകാതെ പരമ രഹസ്യമായി സൂക്ഷിക്കുക എന്ന ഒരു വമ്പിച്ച ഉത്തരവാദിത്വം.

## അബദ്ധങ്ങൾക്കിടമില്ല

അതിനാൽ, നിങ്ങൾ ഇതേവരേയും നിർവ്വഹിച്ചുപോന്ന ആ കൃത്യത്തിൽ, ഈ രാജ്യത്തു പരിപൂർണ്ണസുരക്ഷയുണ്ടാക്കാനുള്ള പരിശ്രമങ്ങളിൽ നിങ്ങൾ നിങ്ങളുടെ പങ്കു നിർവ്വഹിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. മറവിയ്ക്കോ, അശ്രദ്ധയ്ക്കോ, അബദ്ധത്തിന്നോ ഇവിടെ സ്ഥാനമില്ല.

ഇന്ത്യയിലുള്ള നമ്മുടെ യുദ്ധസംരംഭങ്ങൾ, സൈനികഗതാഗതങ്ങൾ, നമ്മുടെ സജ്ജീകരണങ്ങൾ, ഉദ്യമങ്ങൾ ഇവയെക്കുറിച്ചു ശത്രുവിന്നു യാതൊരു വിധത്തിലും വിവരങ്ങൾ കിട്ടാതാക്കണം.

ജപ്പാന്റെ ത്വരിതവും പരിപൂർണ്ണവുമായ പരാജയം സാധിക്കുന്നതിന്നു മാത്രമല്ല, നമ്മെ ശത്രുവിന്റെ നിഷ്ഠുരതകളിൽനിന്ന് സംരക്ഷിച്ച നമ്മുടെ വൈമാനികന്മാരുടെയും, നാവികന്മാരുടെയും, ഭടന്മാരുടെയും ആത്മരക്ഷയ്ക്കു കൂടി ഇതു അവശ്യം ആവശ്യമാണ്.

---

# പദ്യനിർമ്മാതാക്കളോട് രണ്ടുവാക്ക്

യുദ്ധസഞ്ചികയിൽ അടുത്തകാലത്തായി ധാരാളം പദ്യങ്ങൾ പ്രസിദ്ധപ്പെടുത്തിവരുന്നുണ്ടു്. സഹൃദയന്മാർക്കും, സമരസാഹിത്യപ്രണയികൾക്കും സംതൃപ്തിയും സന്തോഷവും നൽകുന്ന ഒരു വസ്തുതയാണിതു്. നമ്മുടെ നാട്ടിൽ, സമരസാഹിത്യമെന്നു പറയുമ്പോൾ, പൃഷ്ഠിക്കാതെയുള്ള എഴുത്തുകാരുണ്ടെന്നാണ് ഇതു കുറിക്കുന്നതു്. ഇതു യുദ്ധസഞ്ചികക്കു് മാത്രമല്ല, മലയാളസാഹിത്യത്തിന്നുതന്നെ ഒരു ഉൽകൃഷ്ടമായ നേട്ടമാണെന്നു പറയാനും ഞങ്ങൾ മടിക്കുന്നില്ല.

അതേസമയത്തു, ചില അഭിപ്രായങ്ങൾകൂടി രേഖപ്പെടുത്തട്ടെ. ഇവ പദ്യത്തെപ്പോലെത്തന്നെ ഗദ്യത്തെ സംബന്ധിച്ചും ബാധകമാണ്. സാഹിത്യം ചലനാത്മകമായിരിക്കണം. വിശിഷ്യ സമരസാഹിത്യം എപ്പോഴും, സമരഗതിയനുസരിച്ചുതന്നെ സദാ മുന്നോട്ടു പാഞ്ഞുകൊണ്ടേ ഇരിക്കണം. നാം ഈ വാസ്തവം മനസ്സിലാക്കി പദ്യരചനയ്ക്കു് മുതിർന്നാൽ കൂടുതൽ ഫലപ്രദവും പ്രയോജനകരവുമായിരിക്കും.

ഒരുദാഹരണം എടുത്തുപറയട്ടെ: ഇന്നു സഖ്യശക്തികൾ സർവ്വരംഗങ്ങളിലും വിജയംകൈവരിച്ചു മുന്നോട്ടു പോകുന്നു. ശത്രുക്കൾ തോറ്റോടുകയുമാണ്. ബർമ്മയിൽനിന്നും, പസഫിക്കിൽനിന്നും ജാപ്പുകൾ ഓടിഒളിക്കുന്നു. ഇതൊരു പരമാർത്ഥം മാത്രമാണ്; എല്ലാവർക്കും മനസ്സിലായിട്ടുള്ള ഒരു സംഗതി. "ജപ്പാൻകാർ ഇതാ നമ്മെ ആക്രമിക്കാൻ വരുന്നു, അതുകൊണ്ടു് ഉടനെ പോർക്കളത്തിലേക്കിറങ്ങുവിൻ" ഇന്ത്യയിൽനിന്നവരെ ചവിട്ടിപ്പായിക്കുവിൻ എന്നർത്ഥം വരുന്ന കവിതകൾ എഴുതിയാൽ അതിലെത്രമാത്രം യാഥാർത്ഥ്യമുണ്ടെന്നാണ് ഒരു വായനക്കാരൻ മനസ്സിലാക്കുക! ഇങ്ങിനെ കഴിഞ്ഞകാര്യങ്ങളെപ്പററി, ചെയ്ത യുദ്ധങ്ങളെപ്പററി മാത്രം കാഹളം മുഴങ്ങിയാൽ അതു സജീവമായിരിക്കാൻ വഴിയില്ല. സമരഗാനങ്ങളെല്ലാം തന്നെ ഈ വഴിയിലൂടെ സഞ്ചരിച്ചു വെറുങ്ങലിച്ചുപോകാൻ തുടങ്ങിയിരിക്കുന്നു. ഞങ്ങൾ സഞ്ചികയിൽ അന്യത്ര ചേർത്തിട്ടുള്ള ചില മാന്യവായനക്കാരുടെ ആക്ഷേപങ്ങളും, ആവലാതികളും അഭിപ്രായങ്ങളും ഈ സന്ദർഭത്തിൽ സ്മരണീയമാണ്. അവയിലേയ്ക്കു് ഞങ്ങൾ എല്ലാവരുടേയും, പ്രത്യേകിച്ചും എഴുത്തുകാരുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളട്ടെ.

കവിതകളുടെ ഗുണപൌഷ്കല്യത്തെപ്പററി ആശങ്കപുറപ്പെടുവിച്ചുകൊണ്ടു, ഒരു മാന്യയുവകവിയായ പി. എസ്സ്. നീലകണ്ഠശർമ്മ ഒരു കുറിപ്പയച്ചിട്ടുണ്ടു്. അദ്ദേഹം പറയുന്നതു് ശരിതന്നേ എന്നു സമ്മതിക്കുന്നതോടൊപ്പം, ഈ പിശകുകൾ അപരിത്യാജ്യമാണെന്നും പറഞ്ഞുകൊള്ളട്ടെ. യുദ്ധസഞ്ചികയിലെ എഴുത്തുകാരിൽ ഒരു വലിയ വിഭാഗം സാഹിത്യക്ഷേത്രത്തിൽ ആദ്യമായി കാലെടുത്തുവെക്കുന്നവരാണ്. "നിങ്ങളുടെ അർച്ചനകൾക്കു് സുഗന്ധമില്ല, സൌന്ദര്യമില്ല," എന്നുംപറഞ്ഞു അവിടെനിന്നു അവരെ അകററുന്നതു് അനുകമ്പാവഹിനമായ ഒരു കൃത്യമാവില്ലേ?

എന്നാൽ, പ്രോത്സാഹനത്തിന്റെ പേരിൽ വിഡ്ഢിത്തങ്ങൾ കാണിച്ചു കൊള്ളണമെന്നില്ല. ഈ വിഷമസ്ഥിതിയിൽനിന്നു രക്ഷപ്പെടാനുള്ള സുഗമവും സുസാധ്യവുമായ സരണി എഴുത്തുകാർതന്നെ ഒന്നു ഊന്നി മനസ്സിരുത്തുക മാത്രമാണ്. എന്തെഴുതുമ്പോഴും, ആലോചിച്ചു എഴുതുക; എഴുതിക്കഴിഞ്ഞതിന്നുശേഷം, ഒന്നുവായിച്ചു നോക്കി അതിന്റെ വില സ്വയം കല്പിക്കുക; എന്നുവെച്ചാൽ, അതു് ആരെ, അങ്ങിനെ തൃപ്തിപ്പെടുത്തും എന്ന് ആരാഞ്ഞു നോക്കുക. പദ്യങ്ങൾ എഴുതുന്നതിന്നുമുമ്പു, വിഷയം വിവേകപൂർവ്വം തെരഞ്ഞെടുക്കണം. വിഷയം തെരഞ്ഞെടുക്കുമ്പോൾ, അതിന്നു ഇന്നത്തെ ലോകവുമായി, സംഭവവികാസങ്ങളുമായി, എത്രമാത്രം ബന്ധമുണ്ടു് എന്നൊന്നു തൂക്കിനോക്കണം.

ചിലർ ശാഠ്യം പിടിക്കാറുണ്ടു്, അവരുടെ കവിതകളിൽ അവശ്യം വേണ്ട ഭേദഗതികൾ ചെയ്യാൻപാടില്ലെന്ന്. അങ്ങിനെയുള്ള ഭേദഗതികൾ വേണ്ടയിടത്തു ചെയ്യുന്നുണ്ടെങ്കിൽ അതു് ഞങ്ങൾക്കു മററുള്ളവരുടെ ലേഖനങ്ങളിലും പദ്യങ്ങളിലും കൈകടത്തുന്നതിന്നുള്ള ഉല്ലാസപരമായ ആസക്തികൊണ്ടല്ല. തന്മൂലം, തങ്ങളുടെ കവിതകളിൽ ചില വ്യത്യാസങ്ങൾ കാണുമ്പോൾ ഒരാളും ക്ഷോഭിക്കുകയോ, ശുണ്ഠിപിടിക്കുകയോ ചെയ്തിട്ടു കാര്യമില്ല. അങ്ങിനെ കരുതിക്കൂട്ടി മാററം വരുത്തണമെന്നു ഞങ്ങളാരും തന്നെ ആശിക്കുന്നില്ല; കാരണം അതു് ഒരു ബുദ്ധിമുട്ടുമാത്രമാണ്! ഈ കാര്യത്തിൽ എഴുത്തുകാരെന്തു പറയുന്നു?

'യുദ്ധസഞ്ചിക'യിൽ ഇന്നെഴുതിവരുന്നവർക്കും, എഴുതുവാനാഗ്രഹിക്കുന്നവർക്കും ഉപയോഗപ്രദമായ രീതിയിൽ ചില നിർദ്ദേശങ്ങളും അടങ്ങിയിരുന്ന പല ലേഖനങ്ങളും പ്രസിദ്ധീകൃതങ്ങളായിട്ടുണ്ടു്. അവയൊന്നും കൂടി ശ്രദ്ധാപൂർവ്വം വായിച്ചാൽ സംഗതികൾ കൂടുതൽ സുഗ്രാഹ്യമാവുന്നതായിരിക്കും. ഇന്ന് ഏതിനെപ്പററി എഴുതണം, ഏതൊരു പ്രശ്നത്തിന്നാണ് മുൻഗണന നൽകപ്പെടേണ്ടതു്, എന്നെല്ലാം തന്നെ അവയിൽ പ്രതിപാദിക്കുന്നുണ്ടു്.

എങ്കിലും, രണ്ടു വാക്ക് കൂടി പറയട്ടെ. ഇന്ത്യയ്ക്കിന്നു ശത്രുവിന്റെ ആക്രമണ ഭീഷണിയെപ്പററി ഭയപ്പെടേണ്ടതില്ല. അതേ സമയത്തു് എങ്ങും വിജയകന്ദളങ്ങൾ വിതറപ്പെട്ടുവരുന്നുമുണ്ടു്. നമ്മുടെ നാട്ടിൽ നിരവധി അക്രമങ്ങളും കൊള്ളകളും ചതികളും കോമാളിത്തങ്ങളും നടന്നുവരുന്നു. കിംവദന്തികൾ പരത്തുക, ശത്രുവിന്റെ ചാരനായി വർത്തിക്കുക, അമിതാദായം എടുക്കുക, പൂഴ്ത്തിവെക്കുക, കരിഞ്ചന്തനടത്തുക—ഇങ്ങിനെ രാജ്യദ്രോഹകരമായ കൃത്യങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർ നാസിയേപ്പോലെയും, ജാപ്പിനെപ്പോലെയും വെറുക്കപ്പെടേണ്ടവനാണ്. അവരെ ഉന്മൂലനാശം ചെയ്യേ, നമുക്കു വിജയം കരസ്ഥമാവുകയുള്ളൂ. അവർ ഒരു കണക്കിൽ, "നാടൻ നാസി" കളാണ്. ജർമ്മനിയിൽ സഖ്യസേനകൾ നാസികളുടെ കഴുത്തിന്നു പിടികൂടിയിരിക്കുന്നു. നമുക്കു ഈ നാടൻ നാസികളേയും പിടിച്ചു ശിക്ഷ നൽകുക!

യുദ്ധത്തിന്റെ അന്ത്യവിജയം ദൃശ്യവും സുനിശ്ചിതവുമായതോടുകൂടി മറെറാരു പ്രശ്നത്തിന്നു കൂടുതൽ പ്രാധാന്യവും, സജീവത്വവും സിദ്ധമായിട്ടുണ്ടു്. അതാണ് യുദ്ധാനന്തര പുനഃനിർമ്മാണ പ്രശ്നം. യുദ്ധത്തെപ്പോലെത്തന്നെ അത്ര വിപുലമായ ഒരു കാര്യമാണിതു്—ഭൂഗോളവ്യാപകമായ പ്രശ്നം.

എന്നാൽ യുദ്ധം മൂലം പല ദുരിതങ്ങളും കഷ്ടതകളും ത്യാഗങ്ങളും സഹിക്കാനിടവന്നിട്ടുള്ള ഏവരും സമാധാനപരമായ ഒരു ജീവിത രീതി, നിർമ്മിക്കുന്നതിന്നുള്ള സംരംഭങ്ങളിൽ ഉററു ശ്രമിക്കുകയും, സഹകരിക്കുകയും ചെയ്യുന്നതാണ്. അങ്ങിനെ ജനസാമാന്യത്തിന്റെ സഹകരണത്തെയും, സഹായത്തെയും, ആശ്രമിച്ചു നില്ക്കുന്ന ഒരു കാര്യമാണ് യുദ്ധാനന്തര നിർമ്മാണവും. അവയുടെ പ്രാമുഖ്യതയെപ്പററി ജനങ്ങൾക്കു അറിവുനൽകുന്ന ഗാനങ്ങളും, പദ്യങ്ങളും വളരെ പ്രയോജനപ്പെടുന്നതായിരിക്കും. ഇങ്ങിനെ നിരവധി പ്രശ്നങ്ങൾ നമ്മുടെ മുമ്പിലുള്ളപ്പോൾ എന്തിനാണ് നാം ചർവ്വിതചർവ്വണത്തിന്നു മാത്രം മുമ്പിട്ടിറങ്ങുന്നതു്?

(പത്രാധിപർ.)

# യുദ്ധസഞ്ചിക

## പ്രതിവാരപത്രം

മദിരാശി : 1945 മാർച്ച് 9-ാംനു, വെള്ളിയാഴ്ച


## ഒരു പുതിയ ലോകവ്യവസ്ഥയിലേയ്ക്കു

ജർമ്മനിയിലേയും ജപ്പാനിലേയും ഫാസിസ്റ്റ് ദുർഭരണം, പ്രതികാരോന്മത്തരായ സഖ്യസേനകളുടെ കടുത്തപ്രഹരങ്ങളേററു ശകലീകൃതമാവുന്നു. അതേ അവസരത്തിൽത്തന്നെ, അന്തർദേശീയ സഹകരണത്തിന്റെ അടിസ്ഥാനത്തിൽ ഒരു പുതിയ ലോകത്തിന്റെ ഉദയം മനുഷ്യത്വത്തിന്റെ ചക്രവാളത്തിൽ ചുവന്നരേഖകൾ പൂശിച്ചുകൊണ്ടിരിക്കുന്നു. മനുഷ്യജനതയുടെ പുരോഗമനനൌക കൊടുംകാററും കോളും നിറഞ്ഞ സമരസമുദ്രത്തിലൂടെ പോവുന്നു. ഇടിയിപ്പോഴും ഗർജ്ജിച്ചു വരുന്നു; ഓളങ്ങൾ ഉയർന്നു പൊന്തുന്നുമുണ്ട്. എന്നാലും കപ്പൽ തുറമുഖത്തണയുകതന്നെ ചെയ്യും.

പ്രസിഡണ്ട് റൂസ്‌വെൽട്ട് കോൺഗ്രസ്സിന്നു ഈയിടെ യാൽട്ട സമ്മേളനത്തിലെ തീരുമാനങ്ങളെക്കുറിച്ചു ഒരു റിപ്പോർട്ട് സമർപ്പിച്ചു. "ക്രിമിയ സമ്മേളനം," പ്രസിഡണ്ട് സഗൌരവം പ്രസ്താവിച്ചു, "അമേരിക്കൻ ചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം രചിക്കുന്നു. . . . .ഇതിൽ ഒരിടത്താവളമുണ്ടായിക്കൂടാ. ഒന്നുകിൽ നാം ലോക സഹകരണത്തിന്നു സന്നദ്ധമാകണം, അല്ലാത്തപക്ഷം മറെറാരു ലോകസംഘട്ടനത്തിന്നുള്ള ഉത്തരവാദിത്വമേറെറടുക്കണം" ലോകസഹകരണം എന്ന പദം നാമൊന്നു ശ്രദ്ധിച്ചു പരിശോധിക്കുക. യുദ്ധത്തിൽനിന്നു പല പാഠങ്ങളും, അവസാനം നാം പഠിച്ചുകഴിഞ്ഞു. ആക്രമണത്തേയും യുദ്ധത്തേയും ഭൂമുഖത്തുനിന്നു മാച്ചുകളയുന്നതിന്നായി ലോകത്തിലെ രാഷ്ട്രങ്ങൾ ഒന്നിച്ചു നിൽക്കണമെന്നുമാത്രമല്ല, അവക്കു ആവശ്യമുള്ള പുതിയ ലോകവ്യവസ്ഥ സ്ഥാപിക്കുന്നതിന്നുകൂടെ പരസ്പരം യോജിക്കുകയും അന്യോന്യ താല്പര്യങ്ങളെ പരിരക്ഷിക്കുകയും വേണം. എന്നുവെച്ചാൽ, ലോകം മുഴുവനും ഒരു പ്ലാനിങ്ങ് ആവശ്യമാണ്. ഇതുതന്നെയാണ് റൂസ്‌വെൽട്ട് എടുത്തു പ്രസ്താവിച്ചതും. "അങ്ങിനെയുള്ള ഒരു പദ്ധതിയുടെ കരടു തയ്യാറാക്കി മനുഷ്യസമുദായസമക്ഷം ആലോചനക്കു സമർപ്പിച്ചിരിക്കുന്നു." അദ്ദേഹം പറഞ്ഞു. 14,000 നാഴിക യാത്രചെയ്താണ് റൂസ്‌വെൽട്ട് ഈ കാര്യങ്ങൾ ആലോചിച്ചതു്.

പ്രസിഡണ്ടു റൂസ്‌വെൽട്ടിന്റെ ഭാഷയിൽത്തന്നെ പറഞ്ഞാൽ, "കടലിന്നപ്പുറത്തു ആയിരമായിരം നാഴിക അകലെ സ്ഥിതിചെയ്യുന്ന രാജ്യങ്ങളിലെ രാഷ്ട്രീയസ്ഥിതികൾ ഈ രാജ്യത്തിന്നു വിസ്മരിക്കാൻവയ്യ. ഇവയെപ്പററിയുള്ള അവസാനതീരുമാനം കൂട്ടുകൂടി പര്യാലോചിക്കപ്പെടുന്നതാണ്; തന്മൂലം അതു സൌഹാർദ്ദപുരസ്സരമുള്ള സഹകരണത്തിന്റെയും സഹായത്തിന്റേയും അസ്ഥിവാരത്തിലായിരിക്കും നിർമ്മിക്കപ്പെടുക. യുണൈറെറഡ് സ്റ്റേററ്സിന്നു ഒററയ്ക്കു ഇഷ്ടംപോലെ എല്ലാം ചെയ്യാൻ സാദ്ധ്യമല്ല, അതുപോലെത്തന്നെ റഷ്യക്കും, ബ്രിട്ടനും."

ചുരുക്കത്തിൽ, ഒരു രാജ്യത്തിന്നു ധാരാളം സമ്പത്തോ, ബഹുമാന്യമായ പാരമ്പര്യങ്ങളൊ, കൃഷിക്കാരുടേ വസ്ത്രങ്ങളൊ, വിഭിന്നമായ മതാനുഷ്ഠാനമൊ ഉള്ളതുകൊണ്ട്മാത്രം തികച്ചും സ്വാതന്ത്രമായി നിൽക്കാൻ മേലാ. മദ്രാസിലെ കൂലിക്കാരനും, ചൈനീസ് ഭടനും, ഫ്രാൻസിലെ മുന്തിരിത്തോട്ടങ്ങളിലെ തൊഴിലാളികളും, വാൾസ്ട്രീററിലെ ബ്രോക്കറും, ഇംഗ്ലണ്ടിലെ നാടൻകൃഷിക്കാരനും, എല്ലാവരും, നല്ലതിന്നായാലും ചീത്തക്കായാലും, യോജിച്ചേ കഴിയൂ.

### അന്തർദ്ദേശീയ വീക്ഷണഗതിയുടെ ആവശ്യകത

ഭൂഗോളവ്യാപകമായ ഒരാപത്തിൽനിന്നു വിമോചിതമാവേണമെങ്കിൽ അതിന്നുള്ള രക്ഷാമാർഗ്ഗവും ലോകവ്യാപകമായ ഒന്നുതന്നെ ആയിരിക്കണം. ഈ ഉദ്ദേശ്യത്തെ മുൻനിർത്തിയാണ് സാൻഫ്രാൻസിസ്കോവിൽ 45 രാഷ്ട്രങ്ങളുടെ പ്രതിനിധികൾ സമ്മേളിക്കാൻ പോവുന്നതു്. ലോകത്തിന്റെ പുനർനിർമ്മാണം, സംയുക്തപ്രവർത്തനം ഈവക സംഗതികളെ സംബന്ധിച്ച അടിസ്ഥാനതത്വങ്ങളും, ഒരു ലക്ഷ്യത്തിനോടുള്ള ആദരവിന്മേൽ അധിഷ്ഠിതമാണ്. "ലോകസംഘടനയുടെ രൂപം ഒരു വ്യക്തിയുടേയൊ, ഒരു കക്ഷിയുടേയൊ, രാഷ്ട്രത്തിന്റെയൊ സൃഷ്ടിയാകാൻ നിവൃത്തിയില്ല. അതൊരു അമേരിക്കൻ സമാധാനമൊ റഷ്യൻ സമാധാനമോ, ബ്രിട്ടീഷ് സമാധാനമോ ആയിക്കൂടാ. വമ്പിച്ച രാഷ്ട്രങ്ങളുടേയൊ, കൊച്ചുരാഷ്ട്രങ്ങളുടേയൊ ഒരു സമാധാനമായിക്കൂടാ അതു്. മുഴുവൻ ലോകത്തിന്റേയും ഉള്ളഴിഞ്ഞ പരിശ്രമത്താലുണ്ടാവുന്ന ഒരു സമാധാനമായിരിക്കണം അതു്."

ഒരമേരിക്കനും, അതേസമയത്തു ഒരു ലോകപൌരനുമായ ഒരാളുടെ അഭിപ്രായമാണിതു്. ഈ അഭിപ്രായത്തിന്റെ പ്രായോഗിക പ്രതിഫലനം യാൽടയിൽ പ്രകാശിച്ചു. അടുത്തുതന്നെ സമാധാനകാംക്ഷികളും, സ്വാതന്ത്ര്യ സ്നേഹികളുമായ രാഷ്ട്രങ്ങളും സാൻഫ്രാൻസിസ്കോവിൽവെച്ചു ഈ ഐക്യത്തെ പുലർത്തും. ശാസ്ത്രം മനുഷ്യജനതയിൽ ഉണ്ടാക്കിയിട്ടുള്ള ഐക്യം അത്ഭുതാവഹമാണ്. അതു നമ്മെയെല്ലാം അവിഭാജ്യമാംവിധം കെട്ടിയിരിക്കുന്നു. വിമാനങ്ങൾമാത്രമല്ല, മനുഷ്യഹൃദയങ്ങളും ലോകം മുഴുവനും വിഹരിച്ചു പറക്കണം. അകന്നുനില്ക്കുക, അതാപൽക്കരമാണ്, അസാദ്ധ്യമാണ്. നമുക്കൊന്നിച്ചുനിന്നു മുന്നോട്ടു പോവുക!

## "തുണയായ്ക്കൂടെപ്പോരിൻ"

(കെ. ജി. സേതുനാഥ്.)

[കേക]

I

ആനന്ദാംബുധിപെററൊരൈശ്വര്യ രത്നങ്ങളേ,
ആതങ്കാതപമാററു മാമുഗ്ദ്ധാങ്കുരങ്ങളേ !

വരുവിൻ, വരുവിനി സംഗരം ജയിക്കുവാൻ,
വിരവിൽ വിശ്വത്തിന്റെ വിഭ്രമം കെടുത്തുവാൻ.

ആയിരക്കണക്കിനാ, യാൺ സഹോദരർ പോയി
ട്ടായുസ്സിൻപരിണാമ പ്രാപ്തിയിൽ പ്രയത്നിക്കേ ;
ആയതമിഴിമാരെ, നിങ്ങളിമ്മലർ വല്ലി-
ച്ഛായതൻതണൽ പററിത്താരുണ്യം തളിർപ്പിപ്പു.
ധൂമവും പരത്തിപ്പാഞ്ഞെത്തിടും വെടിയേററി-
പ്രേമ മാനസർ കണ്ണും, കരളും കളയുമ്പോൾ,
താരിളം നയനത്തിൽ താർമഷികറ ചാർത്തി
ത്താരമ്പക്കളികൊള്ളാൻ വെമ്പുക, ല്ലല്ലീ, നിങ്ങൾ ?

ശത്രുവിൻ ചുടുരക്തംനെഞ്ചകം കുളിരും മാ-
റെത്രയും കുതുകത്താൽ പൂശുവോ, രഹ, ഞങ്ങൾ,
ചന്ദനദ്രവമാന്നൂ ചാരുവക്ഷസ്സിലോമൽ
ച്ചന്ദ്രികത്തണുവേൽക്കും, നിങ്ങൾതൻസഗർവ്വരാം !!

II

കണ്ടകാടുകൾ, മേടും ചവുട്ടി ക്കാക്കിത്തുണി
ത്തുണ്ടിനാൽത്തനു മൂടിത്താന്തരായ് തളരുമ്പോൾ
ഉണ്ടനു, ദയ, വെണ്ണാ ലാവണ്യ പ്പൂഞ്ചായലും,
ചെണ്ടണിച്ചരണ ശ്രീ മഞ്ജുളമഞ്ജീരവും,
കങ്കണങ്ങളുമെല്ലാം, കാട്ടിലേയ്ക്കെറിഞ്ഞാ, വീ-
ട്ടങ്കണത്തിരുമുററം വിട്ടുടൻ വന്നെത്തിടിൻ.

ആഹവം ജയിക്കുവാ, നാത്മരാഗികൾ, നിങ്ങൾ
ക്കാവതും കഴിവുണ്ടെന്നോതുന്നു പുരാണങ്ങൾ.

. 'ഭാമ 'യെ പ്രസവിച്ച ഭാരതാംബികയല്ലീ-
സോമസുന്ദരികളെനിങ്ങൾ തൻ ജനഃസ്വിനി . . ?

അസുര, സുരവർഗ്ഗമാജിവീണൊരുനാളി-
ലാസ്ഥയാ, ലയോദ്ധ്യതൻ റാണിമാർ പോയിട്ടില്ലെ ?

പേശലാംഗികളഞ്ഞു രാഘവോത്സുകരായി-
ദ്ദേശിംഗന്നൃവരംഗം കാത്തുവണ്ടെന്നീലെ. . . ?

നോക്കുവിൻ ചരിത്രങ്ങളോതിടാമേവം ; രൂപ്-
നാക്കുകൊണ്ടഭിമാന മാനിനീ കഥാഭാഗം !!. .

താര, ഷീരകൾ, മീര, ധീര ഭാരതഭാഗ്യ-
വീരവിശ്രുത പുണ്യചരിത്രം, പവിത്രം, ഹാ !

അറിയാം, നിങ്ങൾക്കെല്ലാമെന്നിട്ടും സുഖത്തിന്റെ
നിറവെൺ കതിരേല്ക്കാനലസം, ലസിക്കുന്നോ ?

III

" ഈസ " ങ്ങളോരോന്നിങ്ങോട്ടിരമ്പിക്കുതിക്കുമ്പോ-
ളിവിധം വൃഥാ നിങ്ങൾ ജീവിതം തുലച്ചെന്നാൽ ;
കാണുകില്ലൊരു കൊച്ചുപൈതലും, പൈദാഹത്താ-
ലേണലോചനമാരൊനിങ്ങൾ തൻപാലൂണിന്നായ്.

പുരുഷൻ-ലോകാരംഭം മുതലേ പുകഴ്ന്നവൻ
പുരുവിക്രമം പൂണ്ടിട്ടേതിനും തയ്യാറുള്ളോൻ '
ചാപല്യച്ചുട്ടുലകൾ നിങ്ങളോ, കണ്ണീരിന്റെ
ക്രൂപവും പേറിക്കൊണ്ടു പിറകേ നടക്കുവോർ,
ഉണരിൻ, ഉത്സാഹിപ്പിൻ പോർനിലത്തെങ്ങൾക്കെല്ലാം
" തുണയായ്ക്കൂടെപ്പോരിൻ " ക്രസലിൻകരുക്കേന്യേ :

പുസ്തകം ചുമന്നാലും, പൂകെട്ടിപ്പുലന്നാലും,
നിസ്തുലം വക്ഷോജങ്ങളെത്രമേലുരുണ്ടാലും,
അന്നനേർ നടയാളാം സ്ത്രീകൾ വേണ്ടൊ, രുകൊച്ചു-
മിന്നലിൻ ചൊടിപ്പുള്ള കിന്നര സ്ത്രീതാൻ ഭവ്യം !. .!!

-ശുഭം.-

## ആഴ്ചക്കുറിപ്പുകൾ

### നാസിസത്തിൻെറ നാശം

ഈ ആഴ്ച വത്തമാനപത്രങ്ങളിൽ ജമ്മൻ നഗരങ്ങളിൽ പലതിനെപ്പററിയും കാണുകയുണ്ടായി. വളരെയധികം ജാഗ്രതയോടും, കൃത്യബോധത്തോടും, കണിശമായും സമരം നടത്തിവരുന്ന സഖ്യസൈന്യങ്ങൾക്കു താമസിയാതെ ജമ്മനിയുടെ മുഴുവൻ പടവും "ചുരുട്ടുന്നതിന്നു" സാധിക്കും. സഖ്യവിമാനങ്ങൾക്കു അതീതമായ ഒരൊററ സ്ഥലവും ഇന്നു ജമ്മനിയിലില്ല. കഴിഞ്ഞ ആഴ്ചയിൽ, ജമ്മൻ വൈയവസായികപ്രദേശങ്ങളിൽ ശരാശരി 2,000 വിമാനങ്ങൾ ബോമ്പുകൾ വഷിച്ചതായിക്കാണാം. റൈൻ നദിയ്ക്കരികിലും ഓഡർ നദിക്കരികിലും എത്തിയ റഷ്യൻ സേനയും സഖ്യസേനയുമായ രണ്ടു ചവണകൾ, ജമ്മനിയെ ഞെരിച്ചുകൊണ്ടിരിയ്ക്കെ, വിമാനാക്രമണംമൂലം ജമ്മൻ റയിൽവെകൾ ഛിന്നഭിന്നമാവുന്നു. ജമ്മൻ ഹൈക്കമാണ്ടിന്നു സാമാനങ്ങൾ കൊണ്ടുപോവുന്നതിന്നു ഇതുമൂലം അസാദ്ധ്യമായിത്തീരുന്നു. ജമ്മൻ യുദ്ധയന്ത്രത്തിൻെറ മമ്മസ്ഥാനമായ ബർല്ലിനിൽ രണ്ടാഴ്ചയോളം ഇടതടവില്ലാതെ ബോമ്പുവഷമുണ്ടായി. റഷ്യൻ സേനകൾ ബർല്ലിന്നടുത്തുതുടങ്ങിയിരിക്കുന്നു. അവർ അവിടെ പ്രവേശിക്കുന്നതിൻെറ ഒരു നാന്ദിയെന്നോണമാണ് ഈ ബോമ്പുവഷം.

### റൈനിലേക്കുള്ള കുതിക്കൽ

ഇനിമേലിൽ ജമ്മൻകാക്ക് സീഗ്ഫ്രീഡ് നിരയെപ്പററി പൊങ്ങച്ചം പറയാൻ നിവൃത്തിയില്ല. അതു ഏററവും വിഷമം പിടിച്ചതും മികവാറും ദുസ്സരവുമായ ഒരു പ്രതിരോധവ്യവസ്ഥയായിരുന്നു. എങ്കിലും, സഖ്യസേനകൾ അവ ശിഥിലങ്ങളാക്കിക്കളഞ്ഞു. എമ്മ്റിച്ച് മുതൽ കൊളോൺവരെ ഏതാണ്ട് 100 നാഴികയോളം വരുന്ന സ്ഥലം ഇപ്പോൾ സഖ്യസേനകളുടെ കൈവശമാണ്. കൊളോൺ അടുത്തുതന്നെ പിടിക്കപ്പെടുമെന്നു കരുതപ്പെടുന്നു. ഈ നഗരത്തെപ്പററി, തടവുകാരനാക്കി പിടിക്കപ്പെട്ട ഒരു ജമ്മൻ ഇങ്ങനെ വിവരിക്കുന്നു. "ഞാനിവിടേയ്ക്കു കൊളോണിലൂടെയാണു വന്നതു്. അതു ഇന്ന് ഒരു ചത്ത സ്ഥലമാണ്. എത്രമാത്രമാണ് ആ നഗരം നിശ്ശബ്ദവും നിജ്ജീവവുമായിത്തീന്നിരിക്കുന്നതെന്നു പറഞ്ഞൊപ്പിക്കാൻ വയ്യാ. നഗരത്തിൻെറ പരിസരപ്രദേശങ്ങളിൽമാത്രമേ ഗൃഹങ്ങളുള്ളു. പൌരന്മാരിൽ പലരും ഒഴിച്ചോടിപ്പോയിരിക്കുന്നു. ഗാസ്ലൈററും, വെള്ളവും അവിടെ കിട്ടുകയില്ല." യുദ്ധസാമാനങ്ങൾ നിമ്മിക്കുന്ന ഫാക്ടറികളും നശിച്ചതായി കേൾക്കപ്പെടുന്നു. ഡിസ്ബർഗ്ഗിൻെറ സ്ഥിതിയും ഒരു പക്ഷെ ഇതുതന്നെയായിരിക്കും. ഒരു പക്ഷെ ഇന്നു ജമ്മൻകാർ ചച്ചിൽ നാലുകൊല്ലം മുമ്പു ചെയ്തു വാഗ്ദത്തത്തെപ്പററി ഓമ്മിക്കുന്നുണ്ടാവാം: ലണ്ടൻ, കൊവൻട്രി ഇവിടങ്ങളിൽ നാസികൾ വഷിച്ച ബോമ്പുകളുടെ നാലിരട്ടി തിരിച്ചുകൊടുക്കുമെന്ന വാഗ്ദത്തം!

### റൊക്കോസോവ്സ്കി ബാൾട്ടിക്കിലെത്തുന്നു

റോക്കോസ്സോവ്സ്കി ബാൾടിക്കിലേക്കു ആഞ്ഞു മുന്നോട്ടു കയറിയിരിക്കുന്നു. സ്റ്റെററിൻ, ഡാൻസിഗ് എന്നീ രണ്ടു തുറമുഖങ്ങൾക്കിടയിൽ സ്ഥിതിചെയ്യുന്ന കോലിന്നടുത്തു അദ്ദേഹത്തിൻെറ സേനകൾ എത്തിച്ചേന്നിരിക്കുന്നു. ഇതു മുമ്പെ തന്നെ പ്രതീക്ഷിയ്ക്കപ്പെട്ട ഒരു സംഭവവികാസമാണ്. പൊമേറിനിയ വടക്കൻ പോളണ്ടിൽ കുടുങ്ങിക്കിടക്കുന്ന ഒരു വമ്പിച്ച വിഭാഗം ജമ്മൻ സേനയെ ഈ സൂത്രവിദ്യകൊണ്ടു അകററാൻ സാധിച്ചു. തന്മൂലം മാർഷൽ ഷുക്കോവിൻെറ നേതൃത്വത്തിലുള്ള റഷ്യൻ സേനയുടെ വടക്കു കിടക്കുന്ന വിഭാഗത്തിന്നുള്ള അപകടം നീക്കുവാനും സാധ്യമായി. രണ്ടു വാരങ്ങളോളമായി മാർഷൽ ഷുക്കോവിൻെറ സേനകൾ ബർല്ലിന്ന് 30 മയിൽ അടുത്തു ഓഡർ നദിയ്ക്കരികിൽനിന്നു ധീരമായി പൊരുതിവരികയാണ്. ഷുക്കോവിന്നു വീണ്ടും പടിഞ്ഞാട്ടു കുതിക്കുന്നതിന്നു ഈ വിജയംമൂലം സാദ്ധ്യമാവുന്നതാണ്. ബ്രസ്ലോവിൽ ജമ്മൻ പടകൾ വളരെയധികം ക്ഷീണിച്ചിരിക്കുന്നു. അവരുടെ വിനാശം അതിനാൽ ആസന്നമായിക്കഴിഞ്ഞിരിക്കുന്നു. ഡെഡ്സനിലേയ്ക്കു മാർഷൽ കൊണീവ്, കുതിക്കുകയാണ്. ഡെഡ്സൺ ജമ്മനിയിലെ ഒരു പ്രധാനപ്പെട്ട വൈയവസായിക നഗരമാണ്. കിഴക്കൻ ജമ്മനിയിൽ, സൈലീഷ്യയിലെ വൈയവസായിക പ്രദേശങ്ങൾ മുഴുവനും ബോമ്പിട്ടു താറുമാറാക്കപ്പെട്ടിരിക്കുന്നു. ഇപ്പോൾ ജമ്മനിക്കു, അതിൻെറ സ്വന്തമായ കൽക്കരിയും, എണ്ണയും, ഇരുമ്പും എടുത്തുപയോഗിക്കാതെ ഗത്യന്തരമില്ല. "സൈനികമായ പിൻവാങ്ങൽമൂലം ജമ്മനിയിലെ ആയുധസാമഗ്രികൾക്കും ഗണ്യമായ പരുക്കു പററിയിട്ടുണ്ടെന്നു" ഫെബ്രുവരി 20-ാം തിയ്യതി ഗോബൽസ് തന്നെ സമ്മതിക്കയുണ്ടായി. അവശ്യം ആവശ്യമായ സാമഗ്രികൾ ലഭിക്കാതെ ഏതൊരു സേനയ്ക്കും യുദ്ധം ചെയ്യുവാൻ സാദ്ധ്യമല്ല. ഈ ഒരു പശ്ചാത്തലത്തിലാണ്, ഹിററ്ലരുടെ പൊങ്ങച്ചം പറയലും പെരുത്ത വാഗ്ദത്തങ്ങളും!

### സഖ്യസൈനിക നേതാക്കന്മാർ സമ്മേളിക്കുന്നു

ഈ ആഴ്ചയിൽ പല സഖ്യസൈനിക നേതാക്കന്മാരും തമ്മിൽ കണ്ടു കൂടിയാലോചന നടത്തുകയുണ്ടായി. മാച്ച് 1-ാം തിയ്യതി ഹോളണ്ടിൽ മൺട്ഗോമറിയുടെ കേന്ദ്രത്തിൽവെച്ചു ജനറൽ ഐസൻഹോവറും മോൺടിയും സന്ദശനം നടത്തി. ജനറൽ ബ്രാഡ്ലിയും ജനറൽ സിംപ്സണും ആ സന്ദശനത്തിൽ സംബന്ധിച്ചിരുന്നു. മെഡിററേനിയൻ പ്രദേശത്തിലെ അധിപതി ഫീൽഡ് മാർഷൽ അലക്സാന്തർ മാർഷൽ ടിറ്റോവിനെ സന്ദശിച്ചു. "അദ്ദേഹം ഒരു നല്ല സുഹൃത്തും പരുത്ത മനുഷ്യനുമാണ്. അദ്ദേഹത്തിനെ കണ്ടുമുട്ടിയതു എനിക്കു വളരെ സന്തോഷമായി." ടിറ്റോവിനെപ്പററി അലക്സാന്തർ ഈ സന്ദശനത്തിന്നുശേഷം ഇങ്ങിനെ പറയുകയുണ്ടായി. അലക്സാന്തർ, മാർഷൽ ടോൾബ്യുക്കിനേയും കണ്ടു. ഇങ്ങിനെ സഖ്യപക്ഷസൈന്യാധിപന്മാരുടെ പരസ്പരസന്ദശനം യാൾട്ട സമ്മേളനത്തിൻെറ പരിണതഫലമാണ്. സഖ്യപക്ഷത്തിൽ ഭിന്നിപ്പിൻെറ വിത്തുകൾ വിതക്കാൻ ഹിററ്ലർ ശ്രമിച്ചു. ആയാളുടെ കുതന്ത്രം പരാജയപ്പെട്ടു.

### വിമാനസേനയുടെ സവിശേഷസ്ഥാനം.

ബമ്മയിൽ ദൈനംദിനം 3,000 വിമാനങ്ങൾ പറക്കുന്നുണ്ടെന്നു ഈയിടെ എസ്സ്.ഇ.എ.സി. കേന്ദ്രത്തിൽനിന്നു പ്രസ്താവിക്കപ്പെടുകയുണ്ടായി. ഒരു കൊല്ലത്തിന്നു മുമ്പു 450 വിമാനങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളു. ഇന്നു ബമ്മയിലെ ജാപ്പു സങ്കേതങ്ങളെ ലക്ഷ്യംവെച്ചു തെരുതെരെ ബോമ്പുകൾ വഷിച്ചുവരുന്നു. ജാപ്പുഭടന്മാരുടെയിടയിലുള്ള മനോധൈയ്യക്കുറവും, ഭീതിയും, പരിഭ്രമവും, അന്ധാളിപ്പും ഇന്നു അധികരിച്ചിട്ടുണ്ട്. ബമ്മയിൽ വിമാനസേന വലിയ ഒരു പങ്ക് നിവ്വഹിച്ചിട്ടുണ്ട്. ആദ്യകാലത്തു ബമ്മാരംഗത്തിലെ ഭടന്മാക്കു വേണ്ട സാമഗ്രികൾ നല്കിയിരുന്നതു് വിമാനമാഗ്ഗമായിരുന്നു. ഇങ്ങിനെ കരസൈന്യം, കടൽസൈന്യം, ആകാശസൈന്യം ഇവ തമ്മിലുള്ള പരസ്പര സഹകരണംമൂലമാണ് ബമ്മയിൽ വിജയം ത്വരിതമായിത്തീന്നതു്.

### 25 ലക്ഷം ഇന്ത്യൻ പട്ടാളഭടന്മാർ

ഇന്ത്യൻ സേനയിൽ ഇപ്പോൾ ആകപ്പാടെ 25 ലക്ഷം ഭടന്മാരുണ്ടെന്നു ഇന്ത്യ ആഴ്ചയിൽ ഡൽഹിയിൽനിന്നു പ്രസ്താവിക്കപ്പെടുകയുണ്ടായി. ഇതിൽ സ്ത്രീകളും പുരുഷന്മാരും അടങ്ങുന്നുണ്ട്. ലോകത്തിൽ സ്വമേധയാ ചേന്നിട്ടുള്ള ഏററവും വമ്പിച്ച സേനയാണിതു്. ഇന്ത്യയുടെ നാനാഭാഗത്തുനിന്നും വന്നുചേന്ന ഒരു സേനയാണതു്. ആർ. ഐ. എൻ, ഐ. എ. എഫ്., ഡബ്ല്യു. എ. സി. (ഐ.) എന്നീ വിഭാഗങ്ങളെല്ലാം ഇതിലുൾപ്പെടും. ഇന്ത്യൻ പട്ടാളക്കാരെ ചേക്കുന്നതിന്നു ഇന്ത്യയിലൊട്ടാകെ 14 വമ്പിച്ച കേന്ദ്രങ്ങളുണ്ട്. അവയിൽ 600 റിക്രൂട്ടിങ്ങ് ആഫീസർമാരും 9,000 മററു പ്രവൃത്തിക്കാരുമുണ്ട്.

### തുംഗഭദ്ര ജലസേചന പദ്ധതി.

"നന്മയേറിയ ഒരു സ്വപ്നം യാഥാത്ഥ്യമായി." തുംഗഭദ്രജലസേചന പദ്ധതി ഉൽഘാടനം ചെയ്തുകൊണ്ടു മദ്രാസ് ഗവണ്ണർ പ്രസ്താവിച്ചതാണിതു്. "80 കൊല്ലത്തോളമായി ഇന്നാട്ടിലെ ഭരണകത്താക്കൾ ആലോചിച്ചു തുടങ്ങിയിട്ട് . . . വരണ്ട ഭൂമി ആവശ്യപ്പെടുന്ന വെള്ളം തുംഗഭദ്രയിലുണ്ട്. അതിപ്പോൾ അടുത്തു തന്നെ സിദ്ധമാകുന്നതുമാണ്."

ഈ പദ്ധതി പൂത്തീകരിക്കുന്നതിന്നു 20 കോടി ഉറുപ്പികയാണ് ചിലവെന്നു തിട്ടപ്പെടുത്തിയിരിക്കുന്നു. മൂന്നുലക്ഷം ഏക്ര ഭൂമിയിലേക്കുള്ള വെള്ളം ഇതുമൂലം കിട്ടുന്നതാണ്. അണക്കെട്ടിന്നു 150 അടി ഉയരവും 8,200 അടി നീളവും ഉണ്ടായിരിക്കും.


ഈ പദ്ധതിയുടെ വൈപുല്യവും പ്രയോജനതയും മുൻകാണിച്ച കണക്കുകളിൽനിന്നു തന്നെ വ്യക്തമാവുന്നുണ്ടല്ലൊ. എന്നാൽ ഈ കാര്യത്തിൽ നൈസാം ഗവമ്മേണ്ടും മദ്രാസ് ഗവമ്മേണ്ടും കാണിച്ച സഹകരണം പ്രശംസനീയമാണ്.

### പാസിഫിക്ക് യുദ്ധരംഗം

അഞ്ചു മൈൽ നീളം മാത്രമുള്ള ഇവോജിമ ദ്വീപിനെപ്പററി യുദ്ധത്തിന്നു മുമ്പു വളരെ ചുരുക്കം ആളുകൾ മാത്രമേ കേട്ടിട്ടുള്ളു. അവിടെ ഇന്നു നടന്നുവരുന്ന വീരയുദ്ധചരിത്രങ്ങൾ നാടെങ്ങും മാറെറാലിച്ചു തുടങ്ങിയിട്ടുണ്ട്. "ന്യൂയോർക്ക് ട്രിബ്യൂൺ ഹിറാൾഡ്" എന്ന പത്രം എഴുതുന്നു: "ഈ കൊച്ചു ദ്വീപുസമൂഹങ്ങൾ കൈപ്പററണമെങ്കിൽ രക്തം ചൊരിയണം. ഇദ്വോയിൽവെച്ചു വിരോചിതം മരണമടയുന്ന ആ നാവികന്മാർ മററുള്ളവക്കു മാഗ്ഗം സുഗമമാക്കുകയാണ് ചെയ്യുന്നതു്."

ഫിലിപ്പൈനിൽ ജാപ്പുശക്തി അസ്തമിച്ചു തുടങ്ങി. ഫിലിപ്പൈനിൽ സഖ്യസേനകൾ 30-ാം പ്രാവശ്യം ഇറങ്ങിയിരിക്കുന്നു. ഇനി അടുത്ത പ്രഹരം എവിടെയായിരിക്കുമെന്നു ജാപ്പുകൾ പരിഭ്രാന്തരായി ആലോചിക്കുന്നു. ഈ ചോദ്യത്തിന്നു ഉത്തരം കിട്ടുന്നതിന്നായി മന്ത്രിസഭ മാററങ്ങളും മററും ആവശ്യപ്പെടുന്നു.

## ലോകമഹായുദ്ധം ഇങ്ങിനെ കാണുക




## ഞങ്ങളുടെ തപാൽ പെട്ടി

"യുദ്ധസഞ്ചിക"യുടെ മട്ട്, മാതിരി, ഉള്ളടക്കം എന്നിവയെപ്പററിയുള്ള സൃഷ്ടിപരമായ വിമശനങ്ങളും, യുക്തിയുക്തങ്ങളായ നിദ്ദേശങ്ങളും ആലോചനാഹമായ അഭിപ്രായഗതികളും, സഹൃദയന്മാരായ വായനക്കാരിൽനിന്നു സ്വീകരിക്കുന്നതു് ഞങ്ങൾക്കു സന്തോഷമാണ്. ആദരണീയങ്ങളായ അഭിപ്രായഗതികളെ അംഗീകരിക്കുന്നതിന്നു ഞങ്ങൾക്ക് യാതോരു സങ്കോചവുമില്ല.

(യു.സ.പ)

മട്ടുംഗ, ബോംബെ,
28—2—45.

സർ,

മലയാളത്തിലെ മികച്ച സാഹിത്യ ഗ്രന്ഥങ്ങളേക്കാൾ 'യുദ്ധസഞ്ചിക' വളരെ മെച്ചപ്പെട്ടതാണ്. ലേഖനങ്ങൾ, കഥകൾ, കുറിപ്പുകൾ തുടങ്ങിയവ വള്ളിപുള്ളികൂടി വ്യത്യാസം വരുത്തേണ്ടതില്ല. എന്നാൽ പദ്യങ്ങൾമാത്രം കുറച്ചുകൂടി നന്നായി തിരഞ്ഞെടുത്താൽ കുറേക്കൂടി നന്നായിരിക്കും.

പി. എസ്സ്. നീലകണ്ഠശമ്മ.

### ലേഖകന്മാർ ശ്രദ്ധിക്കുമോ?

സർ,

കുറച്ചുകാലങ്ങളോളമായി "യുദ്ധസഞ്ചിക"യിൽ പ്രസിദ്ധപ്പെടുത്തിവരാറുള്ള സമരഗാനങ്ങൾ ജനങ്ങളുടെ ഇടയിൽ ശത്രുവിന്നെതിരായ മനോഭാവവും, കത്തവ്യബോധവും ഉണ്ടാക്കുന്നതിന്നു വളരെയധികം സഹായിച്ചിട്ടുണ്ട്. എന്നാൽ അവ കുറെക്കൂടെ പരിഷ്കരിച്ച രീതിയിലായിരുന്നെങ്കിൽ കൂടുതൽ ഫലപ്രദമാകുമായിരുന്നില്ലെ, എന്ന ഒരാശങ്കയും ഇല്ലായ്കയില്ല. കാരണം രണ്ടു മൂന്നു സമരഗാനങ്ങളൊഴിച്ചു ബാക്കിയുള്ളതെല്ലാംതന്നെ വെറും ആവത്തനങ്ങളായി മാറുകയാണ് ചെയ്തതു്. അതു ഒരേ വൃത്തത്തിലും രീതിയിലുമായിരുന്നുവെന്നതാണ് അതിലേറെ പരിതാപകരമായിട്ടുള്ളതു്.

ഇതിന്നു മുമ്പു, യുദ്ധസഞ്ചികയുടെ കോളങ്ങളിൽതന്നെ, ലേഖകന്മാരോടു കൂടുതൽ വിപുലമായ ഒരു വീക്ഷണഗതി കൈക്കൊള്ളുന്നതിന്നുള്ള അപേക്ഷകൾ പ്രസിദ്ധീകൃതമായിട്ടുണ്ട്. ശ്രീമാൻ എം. ഗോവിന്ദൻെറ "സമരസാഹിത്യവും കൈരളിയും" എന്ന ലേഖനത്തിൽ അദ്ദേഹം സമരസാഹിത്യം എന്നുവെച്ചാൽ എന്താണെന്നു വളരെയധികം വ്യക്തമാക്കിയിട്ടുണ്ട്. തുടർന്നു പത്രാധിപർ എഴുതിയിരുന്ന അഭ്യത്ഥനയിലും, പ്രത്യേകിച്ചും, ലേഖകന്മാരുടെ ശ്രദ്ധയെ ആ ലേഖനത്തിൻെറ ഉള്ളടക്കത്തിലേക്കു ക്ഷണിക്കുകയും, ചില ദൃഷ്ട്യങ്ങളെ ചൂണ്ടിക്കാണിക്കുകയും, പ്രായോഗികമായ ചില നിദ്ദേശങ്ങൾ നൽകുകയുമുണ്ടായി. മാത്രമല്ല, ശ്രീ എൻ. ദാമോദരൻ, "ഒരു വായനക്കാരൻ" ഇവരെല്ലാംതന്നെ ചില സജീവങ്ങളായ അഭിപ്രായങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

സമരഗാനക്കാരനും, പദ്യരചയിതാവിന്നും, കഥാകാരനും, ലേഖകന്മാക്കുമെല്ലാം ഈ സംഗതികൾ ശ്രദ്ധേയങ്ങളാണ്. ഇതൊരു സമഗ്രയുദ്ധമാണ്. പോർമുന്നണിയെപ്പോലെ തന്നെ രാജ്യത്തിലെ മുന്നണിയും ഈ പോരിൽ പ്രധാനമാണ്. നമ്മുടെ സാഹിത്യകാരന്മാർ ഈ വാസ്തവം ഗ്രഹിക്കുന്നില്ലേ? പോർക്കളത്തിൽ ഫാസിസ്റ്റുകളുണ്ടെങ്കിൽ, അതിന്നു പിന്നിൽ അവരുടെ ചാരന്മാരും, ചങ്ങാതികളും, ജനദ്രോഹികളും, പണക്കൊതിയന്മാരുമായ കരിഞ്ചന്തക്കാരും, കള്ളവ്യാപാരക്കാരും മററുമുണ്ട്. ഈ ശത്രുക്കളോടു നാം എതിരിടേണ്ടേ? അതിന്നു സാഹിത്യകാരന്മാർ ശ്രമിക്കേണ്ടതല്ലേ?

സാധാരണ ആളുകൾക്കു മനസ്സിലാവുന്ന വിധത്തിൽ, ഈ വിഷയങ്ങളെപ്പററി ആകഷകമായ മട്ടിൽ ഗാനങ്ങൾ രചിച്ചാൽ അതു വലിയ കാര്യമായിരിക്കും.

ബോംബെ, 2-3-45. (കെ. എസ്സ്. എം.)

# ഇന്നല്ലെങ്കിൽ നാളെ. . . .

### ഒരു ചൈനീസ് കഥയുടെ വിവർത്തനം—ഡോക്ടർ കെ.സി. പത്മാവതി

(തുടർച്ച)

ഇതിന്നുശേഷം എനിക്ക് മുഖേന്നെ ആ സഹപാഠിയോടു ഞാൻ വളരെ സൌഹാർദ്ദത്തോടെ ഭാവിയ്ക്കുവാൻ തുടങ്ങി. ക്ലാസ്സിൽവെച്ചു ഞാൻ അയാൾക്കു എപ്പോഴും മിഠായി കൊടുക്കും. പക്ഷെ അയാൾ വളരെ മര്യാദയിൽ എങ്കിലും മുഖം കുറച്ചൊന്നു വീർപ്പിച്ചു എപ്പോഴും അതു തിരസ്കരിക്കുകയും ചെയ്യും. എനിക്കു മുഖേ തരുന്നവരിൽ ഒരു വലിയ ആളായി ഞാൻ അയാളെഗണിച്ചു. അയാൾ എനിക്കു മൂന്നു 'മഞ്ചുക്കോ' മുദ്രകൂടി തന്നു. അതു ഞാൻ ഏഴ സ്റ്റേറ്റിസും പോർത്തുഗീസും മുദ്രയുമായി കൈമാറി രണ്ടു ഫ്രഞ്ച് എയർമെയിൽസ്, മൂന്നു ഇററാലിയൻ, ഞാൻ വളരെ കാലമായി ആഗ്രഹിച്ചിരുന്ന ഒരു നേഷനൽ അത്ലററിക്കു മീററിങ്ങിന്റെ മുഖ, ഇവയുംകിട്ടി.

ഒരു സായാഹ്നവേളയിൽ ഞാൻ 'ചയാവു'വിനെ കാണുവാൻ പോയി. കുറെ നേരം ഉറക്കെ വാതിലിന്നു മുട്ടിയശേഷം ഞാൻ അകത്തേക്കുകടന്നു. മണി ഏഴടിച്ചു, എന്നിട്ടും അയാൾ കിടക്കയിൽതന്നെ കിടക്കുകയാണ്. കാലിന്റെ അടിയിൽ തടവി ഇക്കിളിയാക്കിയാലോ എന്നാലോചിച്ചു. പക്ഷെ എനിക്കയാളുടെ ശൌര്യഭാവത്തെ ഓർമ്മ വന്നതിനാൽ അതിൽനിന്നും വിരമിച്ചു. അടുത്തു ചെന്നു ഞാൻ അയാളുടെ പേർ ഉറക്കെ വിളിച്ചു. ഒരു മറുവടിയും ഇല്ല. ഒന്നുംകൂടി അയാൾ പുതപ്പിന്നുള്ളിലേക്കു കിടന്നു. ഞാനെന്റെ കൈ അതിന്നുള്ളിലിട്ടു, അതു വളരെ ചൂടുണ്ടായിരുന്നു. അയാളുടെ തല ഒരു ചെറിയ കുററിക്കാടുപോലെ തോന്നി. നെററിയിൽ വിയർപ്പു പൊടിഞ്ഞും കണ്ണുകൾ നനഞ്ഞും ഇരുന്നു. എന്തു അസംബന്ധം; അത്ര വലിയ ഒരാൾ കരയുകയൊ!

"എഴുന്നേല്ക്കു!" ഞാൻ പറഞ്ഞു. അയാൾ എന്റെ കൈ പിടിച്ചു എന്നിട്ടു വീണ്ടും പ്രകാശിച്ച കണ്ണുകളോടുകൂടിയ അയാളുടെ തല പുറത്തേക്കു നീട്ടി. എനിക്കു ഭയമായി. വേഗം ഞാനെന്റെ ഉറുമാൽ അയാൾക്കു കൊടുത്തു. അതയാൾ വലിച്ചെടുത്തു. കാലിൽ ഒന്നുംതന്നെ ധരിക്കാതെ അയാൾ എഴുന്നേററു.

"എന്റെ സ്നേഹിതാ, നാം തമ്മിൽ പിരിയുവാൻ പോകയാണ്" ഞാനെന്റെ കൈ അയാളുടെ വിയർത്ത കയ്യിന്നടിയിൽവെച്ചു. മറെറ കൈകൊണ്ടു അയാൾ തല തടവിക്കൊണ്ടിരുന്നു. എന്നിട്ടു അയാൾ ഡസ്കിന്നടുക്കലേക്കു നടന്നു മുകളിലെ വലിപ്പു വലിച്ചു അതിൽനിന്നു കിറിൻ എന്ന പോസ്റ്റുടയാളമുള്ള ഒരു ലക്കോട്ടു എനിക്കു നീട്ടി. (നാലു കിഴക്കുവടക്കു അതൃത്തികൾ കൂടിയതാണു മഞ്ചൂറിയ. അതിൽ ഒന്നാണ് ഈ കിറിൻ). "ഈ മുഖ ചീന്തിഎടുക്കുക" അയാൾ പറഞ്ഞു. എന്റെ കയ്യിൽനിന്നും നിങ്ങൾക്കു കിട്ടുന്ന അവസാനത്തെ മുഖയാണു ഇതു്.

എന്നാൽ എനിക്കീപ്രാവശ്യം മുദ്രയിൽ അത്ര ശ്രദ്ധയുണ്ടായില്ല. അയാൾ എന്തിനാണു പോകുന്നതു് എന്നു എനിക്കറിയണം. അയാളുടെ കണ്ണുകൾ ശൂന്യവും ഭയങ്കരവുമായിരുന്നു. അയാൾ എന്തൊ പിറുപിറുക്കുകമാത്രം ചെയ്തു. "അടിമയാകുവാൻ പോകുക." അവസാനം അയാൾ എന്നോടു അപ്പോൾ തന്നെ പോകുവാനും പിന്നീടു വൈകുന്നേരം കാണുവാനും അപേക്ഷിച്ചു.

എത്രതന്നെ ശ്രമിച്ചിട്ടും എനിക്കന്നു പുസ്തകത്തിൽ മനസ്സുറപ്പിക്കുവാൻ സാധിച്ചില്ല. ഞാൻ ഒരു ശൂന്യമനസ്സനായിതോന്നി. ജോമട്രി ബുക്കിൽ ഞാനെന്തൊക്കെയൊ കുത്തിവരച്ചു. 'എന്റെ നദിയും പർവ്വതവും മടക്കിത്തരുക' മുതലായി. കാരണം മാസ്റ്ററെ സമാധാനിപ്പിക്കുവാൻ ഞാൻ എന്തെങ്കിലും എഴുതിക്കൊണ്ടിരിക്കേണ്ടിവന്നു. ഒടുവിൽ ഞാൻ ക്ലാസ്സിൽനിന്നും ഒരു വിധം പുറത്തുചാടി.

മൂന്നാമത്തെ നില ഇരുട്ടടഞ്ഞും നിശ്ശബ്ദമായും ഇരുന്നു. ഒരു സന്യാസിയെപ്പോലെ തല വടിച്ചു് 'ചയാവു്' അയാളുടെ മുറിയിൽ ഇരിക്കുന്നുണ്ടു്. നീലധമനികൾ അയാളുടെ നെററിയിൽ ഉയർന്നു നിന്നിരുന്നു. ചുമരിലുള്ള മുദ്രാവാക്യങ്ങളെല്ലാം വലിച്ചെടുത്തിട്ടുണ്ടു്. കീറിപ്പൊളിഞ്ഞ ഷൂസും കൈകഴുകുന്ന ബേസിനും അല്ലാതെ അയാളുടെ പുസ്തക അലമാറയിൽ മറെറാന്നുമില്ല. സമാനമെല്ലാം കെട്ടിവെയ്ക്കുവാൻ തയ്യാറായിരിക്കുന്നുണ്ടു്.

"നിങ്ങൾ ഇപ്പോൾതന്നെ പോകുകയാണോ?" ഞാൻ ഉദ്വേഗത്തോടെ ചോദിച്ചു. "എന്റെവണ്ടി നാളെ കാലത്തു 8 മണിക്കാണ് ഇവിടം വിടുക," എന്നു പറഞ്ഞു അയാൾ വിരലിൽ കണക്കു പിടിക്കുവാൻ തുടങ്ങി. "11 മണിക്ക് ടീൻസ്റ്റീൻ, 5 മണിക്കു പിറൈറഷോ, 6 മണിക്കു ഷാൻഹൈ കചാൻ കഴിഞ്ഞു . ." (മഞ്ചൂറിയക്കു കടക്കുവാനുള്ള പ്രധാനവഴി).

"പക്ഷെ എന്തിനാണ് നിങ്ങൾ ഇങ്ങിനെ തല പിടിച്ചിരിക്കുന്നതു്." ഞാൻ ചോദിച്ചു.

---

# കൊളോൺ
## പിടിക്കപ്പെട്ടു

മാർച്ച് 5-ാംനു ചൊവ്വാഴ്ച കൊളോൺ നഗരം സഖ്യസേനകൾ അധീനപ്പെടുത്തി. ജർമ്മനിയിലെ നാലു വമ്പിച്ച നഗരങ്ങളിലൊന്നാണ് കൊളോൺ. റൈൻ നദിക്കരയിലാണ് ഈ നഗരം സ്ഥിതിചെയ്യുന്നതു്. 1942 ൽ അവിടെ 996,000 ജനസംഖ്യയുണ്ടു്. കൊളോണിൽ പല വ്യവസായങ്ങളുമുണ്ടു്. റബ്ബർ ടയറുകൾ, മോട്ടോർ കാറുകൾ, വൈദ്യുതസാമഗ്രികൾ തുടങ്ങിയ പല സാമാനങ്ങളും ഇവിടെ നിർമ്മിച്ചുവരുന്നു.

---

"ഒരു സാധാരണ കൃഷിക്കാരനെപ്പോലെ ഇരിക്കുവാൻ ഞാൻ ഇഷ്ടപ്പെടുന്നു" അയാൾ അവസാനത്തെ കെട്ടുംകെട്ടി എഴുന്നേററു. ഇരുളടഞ്ഞ പുറത്തേക്കുനോക്കി. "ഞാൻ എപ്പോഴും ഒരു കൃഷിക്കാരനാണ്. മഞ്ചൂറിയയിലെ എല്ലാ വിദ്യാർത്ഥികളും അവർക്കു ഭയങ്കരമാണ്. ഞാൻ എന്റെ അമ്മയെ കാണുന്നതിന്നുമുമ്പെ അവരാൽ കൊല്ലപ്പെടുവാൻ ഇഷ്ടപ്പെടുന്നില്ല!"

"അതു് ഇത്രമാത്രം ഭയങ്കരമാണെങ്കിൽ നിങ്ങൾ എന്തിനാണ് പോകുന്നതു്?" ഞാൻ കടന്നു ചോദിച്ചു.

"എന്റെ കുഞ്ഞനുജാ" ഇതാദ്യത്തെ പ്രാവശ്യമാണ് അയാൾ എന്നെ അങ്ങിനെ വിളിക്കുന്നതു്. ദയയുടെ നിഴലാട്ടം ഞാൻ അയാളുടെ കണ്ണിൽ കണ്ടു. "ഇതാ രണ്ടു പുസ്തകങ്ങൾ നിങ്ങൾക്കു്, മററുള്ളതു ഞാൻ ലൈബ്രറിക്കു കൊടുത്തു." ആ പുസ്തകങ്ങൾ അയാൾ എനിക്കു തന്നു. ഒന്നു 'വടക്കുകിഴക്കൻ പ്രശ്നങ്ങൾ,' മറേറതു് 'യുവതാവും മഞ്ചൂറിയയും'. രണ്ടിലും അയാൾ വലിയക്ഷരത്തിൽ സ്വന്തംകൈകൊണ്ടു എഴുതിയിട്ടുണ്ടു്. അയാൾ ഒരു ദീർഘനിശ്വാസത്തോടെ പറഞ്ഞു: "നിങ്ങൾക്കു മനസ്സിലാക്കുവാൻ കഴിയുമൊ, എനിക്കു ചൈനക്കാരുടെ ശ്വാസത്തോടുകൂടിയ ഒരു കടലാസുപോലും എനി വായിക്കുവാൻ സാധിയ്ക്കയില്ലെന്നു."

സാമാനമെല്ലാം തയ്യാറായതിന്നുശേഷം ഞങ്ങൾ രണ്ടുപേരും കളിസ്ഥലത്തിൽകൂടെ പുറത്തേക്കു കടന്നു. ഭയങ്കരമായ ഇരുട്ടു. കാർമേഘങ്ങൾക്കിടയിൽ കുറച്ചുമാത്രം നക്ഷത്രങ്ങൾ ആകാശത്തിൽ അങ്ങിങ്ങായി മിന്നിത്തിളങ്ങി ഇരുന്നു.

"ചന്ദ്രൻ ഉദിച്ചിരുന്നെങ്കിൽ ഇപ്പോൾ എത്ര നന്നായിരുന്നു?' ഞാൻ അയാളോടു എന്തെങ്കിലും ബുദ്ധിപൂർവ്വമായി പറഞ്ഞിട്ടുണ്ടെങ്കിൽ അതു് ഇതൊന്നുമാത്രമാണു്. "ചന്ദ്രൻ." അയാൾ പറഞ്ഞു. "ചുററുപാടും ഇരുളടഞ്ഞിരിക്കുമ്പോൾ ഒരു ചന്ദ്രനെക്കൊണ്ടെന്തുപ്രയോജനം?"

അയാൾ എന്റെ തോളിൽ കൈവെച്ചുകൊണ്ടു ഞങ്ങൾ കിഴക്കു ഭാഗത്തേക്കു നടന്നു. ഒന്നു രണ്ടു പ്രാവശ്യം ആ നിശ്ശബ്ദതയെ ഭേദിക്കുവാൻ ഞാൻ ശ്രമിച്ചു. പക്ഷെ ഭയങ്കരമായ ഇരുട്ടും, നിശ്ശബ്ദമായ അയാളുടെ കാലടിവെപ്പും എന്നെ പരാജയപ്പെടുത്തി മണിയടിച്ചു; ഉടനെ കുറെ കുട്ടികൾ പ്രസംഗമുറിയിൽനിന്നും പുറത്തേക്കുവന്നു—ഇരുട്ടിൽ അയാളുടെ മുഖം കാണുവാൻ സാധിച്ചില്ലെങ്കിലും അയാൾ വടക്കുകിഴക്കോട്ടു നോക്കുകയാണെന്നു ഒരു വിധത്തിൽ ഞാൻ മനസ്സിലാക്കി. അയാളൊന്നു മൂളിക്കൊണ്ടു പറഞ്ഞു. "കുഞ്ഞനുജാ, എനിയ്ക്കൊരുപക്ഷെ ഇനി നിങ്ങളെ കാണുവാൻ സാധിക്കയില്ല. എനിക്കറിയാം ഞാൻ എന്റെ ജീവിതം അവരുടെ പക്കൽ പണയം വെക്കുവാൻ പോകുകയാണെന്നു. എന്റെ മൂത്ത ജ്യേഷ്ഠൻ അവരുടെ ബയനററു കൊണ്ടു കൊല്ലപ്പെട്ടു. . . . . . അദ്ദേഹം ആ വേദന അധികം അനുഭവിച്ചില്ല; പക്ഷെ എന്റെ അമ്മ അനുഭവിച്ചു. . . . . . . . . . . . . .ഞാൻ ജനങ്ങളെ വെറുക്കുന്നുണ്ടെങ്കിൽ അതു നിങ്ങളെപോലെയുള്ളവരെ—മരപ്പെട്ടിപോലെയുള്ള ലോകത്തിൽ ജീവിച്ചു ഒന്നും അറിയാതെ, പിന്നത്തെ ഭക്ഷണം എപ്പോഴാണ് കിട്ടുക എന്നതിൽ കുതുകലായി ഒന്നും അറിയാത്ത നിങ്ങളെപ്പോലുള്ള ജനങ്ങളെ—ഇന്നല്ലെങ്കിൽ നാളെ. . . . . ." ഒരു പുതിയ ആശയം അയാളിൽ ഉണ്ടായപോലെ തോന്നി, "ശരി, നിങ്ങൾ ജീവിതമാസ്വദിക്കണം, കളിക്കുവാനും, പാടുവാനും വേണ്ടി . . . .നിർഭാഗ്യവശാൽ നിങ്ങൾ ഒരു ചൈനക്കാരനായി ജനിച്ചു. . . നിങ്ങൾ അപകടത്തിലായിട്ടില്ലെങ്കിൽ അതിന്നു നിങ്ങളുടെ ഊഴം എനിയും വന്നിട്ടില്ല. . . ."

ഒരു സാധാരണ കാര്യമെന്നപോലെ അയാൾ മരണത്തെപ്പററി പറഞ്ഞു. ഇയാളും അടുത്തു മരിക്കുവാൻ പോകുകയാണെന്നു വിചാരിയ്ക്കുക തന്നെ എനിക്കു ഭയങ്കരമായി തോന്നി. അപ്പോൾ തന്നെ അയാളെ എനിയ്ക്കൊരു പ്രേതമായി തോന്നി. "പോകരുതു്" എന്നപേക്ഷിയ്ക്കുക മാത്രമാണ് എനിയ്ക്കപ്പോൾ ഒന്നു ചെയ്യുവാൻ സാധിച്ചതു്.

കിറിനിൽവെച്ചു ജപ്പാൻകാർ എന്റെ അച്ഛനെ തടവുകാരനാക്കി പിടിച്ചു. എന്റെ മൂത്ത ജ്യേഷ്ഠനെ അവർ നിർദ്ദയം കൊന്നു. കാരണം അദ്ദേഹം ഒരു സ്കൂൾമാസ്റ്ററായതാണ്. ജപ്പാൻകാർക്കു എല്ലാ സ്കൂൾമാസ്റ്റർമാരും കുററക്കാരാണ്. ഇപ്പോൾ എന്റെ അമ്മ തനിച്ചാണു—മാത്രമല്ല, അവർ രോഗശയ്യയിലും. . . . അയ്യോ എനിയ്ക്കിപ്പോൾതന്നെ അവരുടെ അടുത്തുണ്ടാകുവാൻ സാധിച്ചിരുന്നെങ്കിൽ. . . ."

വിളക്കണെയ്ക്കുന്നതുവരെ ഞങ്ങൾ സംസാരിച്ചു. പിന്നീടാ കൂരിരുട്ടിൽകൂടെ മടങ്ങി. വാതുക്കലെത്തിയപ്പോൾ അയാൾ പതുക്കെ പറഞ്ഞു: "നാളെ പുലർച്ചക്കു ഞാൻ ഇവിടം വിടും. നമ്മൾ ഇപ്പോൾതന്നെ കൈകൊടുക്കുക. ഈ ആറു മാസത്തിന്നുള്ളിൽ ഞാൻ നിങ്ങളെ ഒരാളെ മാത്രമെ സ്നേഹിതനായി സ്വീകരിച്ചിട്ടുള്ളു; എന്നാൽ ഇതെല്ലാം എന്താണെന്നു നിങ്ങൾക്കു മനസ്സിലായിട്ടില്ല. . . .പക്ഷെ എന്നെ ഓർക്കുക, എന്തെങ്കിലും പ്രവൃത്തിയ്ക്കുക. . ." അയാൾ എന്റെ കൈ മുറുക്കിപിടിച്ചു കുലുക്കി മുറിയ്ക്കുള്ളിലോട്ടു പോയി.

തിരിച്ചപ്പോഴും വെറുങ്ങലിച്ചപ്പോഴുംകൂടി ഞാൻ അവിടെ തന്നെ നിന്നു. പിന്തുടർന്നിട്ടു യാതൊരു ഫലവും ഇല്ല. ഞാൻ അയാളെ വേണ്ടത്ര കണ്ടിട്ടുകൂടി ഇല്ലെന്നു എനിക്കു തോന്നി. ഞാൻ ഉറങ്ങുവാൻ കിടന്നു. നേരത്തെ തന്നെ ഉറങ്ങി എഴുന്നേല്ക്കണമെന്നു വിചാരിച്ചു. എന്നാൽ എനിയാളെ ഒന്നും കൂടി കാണാം.

പക്ഷെ ഞാൻ ഉണർന്നെഴുന്നേററപ്പോൾ നേരം അതിക്രമിച്ചിരുന്നു. കോട്ടുവായിട്ടു കഴിയുമ്പോഴേക്കും എനിയ്ക്കോർമ്മവന്നു എന്റെ പ്രധാന കാര്യത്തിലെ വീഴ്ച്ചയെപററി. കിടക്കയിൽനിന്നും ഞാൻ ചാടി എഴുന്നേററു. മേശയുടെ ഒരു മൂലയിൽ ഒരുലക്കോട്ടു കിടക്കുന്നതു കണ്ടു—അതിൽ പെൻസിൽകൊണ്ടു കുത്തിക്കുറിച്ച ഒരു തുണ്ടു കടലാസ്സും.

"നിങ്ങൾ ഉറങ്ങുന്ന മാതിരി കണ്ടു ഞാൻ അസൂയപ്പെടുന്നു! ഒരു ദിവസം ഞാനും അങ്ങിനെ ചെയ്യുമെന്നു വിചാരിക്കുന്നു—അവസാന യാത്ര! ഇതാ ഒരു മുഖ കൂടി നിങ്ങൾക്കു്."

ലക്കോട്ടു പിടിച്ചുകൊണ്ടു ഞാനെന്റെ ബുദ്ധിശൂന്യതയെ ശപിച്ചു. ഈ പ്രാവശ്യം മുദ്രയിൽ എന്റെ ശ്രദ്ധ പതിഞ്ഞില്ല. അയാളെന്നോടൊരിക്കൽ പറയുകയുണ്ടായി: "ഇന്നല്ലെങ്കിൽ നാളെ". എന്തായിരിക്കണം അതിന്റെ അർത്ഥം!




ജർമ്മൻകാർക്കു കൂടുതൽ ഉന്മാദം വേണമെന്ന ഹിററ്ലർ ഈയിടെ ആവശ്യപ്പെടുകയുണ്ടായി

## യുദ്ധം തീന്നാൽ

(ടി. ആർ. മേനോൻ.)

ഒന്നാമൻ :
യുദ്ധം തീന്നാൽ നാസികളെല്ലാം ചത്തുമുടിഞ്ഞെന്നാൽ
ഉത്തരമോതുക പിന്നീടെന്തൊരു മാർഗ്ഗം നോക്കും നീ ?

രണ്ടാമൻ :
യുദ്ധംതീന്നാൽ പത്തുപശുക്കളെ യൊന്നായ് വാങ്ങും ഞാൻ
ഉത്തമമാകും പാലും മോരും വിററുപിഴയ്ക്കും ഞാൻ.

മൂന്നാമൻ :
യുദ്ധംതീന്നാൽ മോട്ടോർ ഡ്രൈവറതായിത്തീരും ഞാൻ
ബദ്ധമുദത്തോടു യാത്രക്കാർക്കുപകാരം ചെയ്യും ഞാൻ.
വീട്ടിൽ പണമുണ്ടെനിക്കു വേണ്ടും കാര്യം നേടീടാൻ
കൂട്ടുകാരുണ്ടെന്നെന്നേക്കും വേണ്ടതു തന്നീടാൻ.

നാലാമൻ :
പെയിൻറു ഷാപ്പൊന്നുന്നതമായിട്ടങ്ങു തുറക്കും ഞാൻ
പെയിൻററായി കീർത്തിയെടുക്കാൻ തക്കം നോക്കും ഞാൻ.

അഞ്ചാമൻ :
വൈദ്യുതശാലയിൽ മിടുക്കനാകും വയർമാനാകും ഞാൻ
നിത്യവുമെന്നുടെ പണിക്കു കേററം കിട്ടാൻ നോക്കും ഞാൻ.


ആറാമൻ :
യുദ്ധംതീന്നാൽ വലുതായിട്ടൊരു കത്തുതയൽഷോം ഞാൻ
മൊത്തമതായി പണവും വാരാം മദ്യവുമുണ്ടീടാം.
ഉത്തമമല്ലെന്നാലും വിത്തം കിട്ടീടും നേരം
ചത്താൽ വിടുമോ, മനുഷ്യരാരാൻ, പണമേ ഗുണമോർത്താൽ

ഏഴാമൻ :
ആശാരിപ്പണിയാനന്ദത്തോടനുവത്തിക്കും ഞാൻ
മോശമതിങ്കലെനിക്കില്ലോർത്താൽ ക്ലേശലുമില്ലൊട്ടും
ധനവാന്മാരുടെ ഗൃഹത്തിൽനിന്നും കിട്ടും വിത്തത്താൽ
ഘനതരമുരിതം പൂണ്ടുകിടക്കുന്നോരെക്കാക്കും ഞാൻ.

എട്ടാമൻ :
വലുതായിട്ടൊരു രോഗനിവാരണ ശാല തുറക്കും ഞാൻ
പല പലരോഗം ബാധിച്ചോരെ സുഖപ്പെടുത്തും ഞാൻ
ജഗത്തിലിനിയും വലുതായുള്ളൊരു ഗുണമില്ലോക്കുമ്പോൾ
മനുഷ്യനോർത്താൽ നരകം രോഗം, നാകമതാരോഗ്യം.

ഒമ്പതാമൻ :
യുദ്ധംതീന്നാൽ സ്വാതന്ത്ര്യത്തിന്നുററു ശ്രമിക്കും ഞാൻ
ബന്ധവിരോധികളായുള്ളോരെ തോല്പിച്ചീടും ഞാൻ.

എല്ലാവരും :
പരിരക്ഷിക്കും, പരിരക്ഷിക്കും ഭാരതഭൂമിയെ ഞാൻ
പരൻെറ കയ്യിൽപ്പെടാതെ നോക്കും മരണം വരുവോളം.



ഹിററ്ലരാൽ വഞ്ചിക്കപ്പെട്ട ജർമ്മൻ യുവാക്കൾ



നാസികൾ നടത്തിയിരുന്ന ഒരു മരണശാല

ചെറുകഥ.

# "എക് നയാസൻസാർ ബസാലേ..!"

(കെ. സി. കെ. പണിക്കർ)

ഞങ്ങൾ രണ്ടുപേരും സിനിമ കഴിഞ്ഞു ദാദർ സ്റ്റേഷനിൽ എത്തിയപ്പോൾ സമയം രാത്രി 12 മണി കഴിഞ്ഞിരുന്നു. വണ്ടി വരാൻ പുറപ്പെടുവാൻ കാൽമണിക്കൂറുണ്ടായിരിക്കും. അതിനാൽ സ്വല്പനേരം വണ്ടിയും കാത്തു അവിടെ കഴിച്ചു കൂട്ടുന്നതിന്നു ഞങ്ങൾ നിർബ്ബന്ധിതരായി. ഞാനെന്റെ സ്നേഹിതനെ അല്പം ചായ കഴിക്കുന്നതിന്നു ക്ഷണിച്ചു. ആയാൾ ഒന്നും മിണ്ടിയില്ല എന്റെ അപേക്ഷയെ നിരസിയ്ക്കുകയോ, അംഗീകരിക്കുകയോ ചെയ്തില്ല. ഒരു പക്ഷെ കേൾക്കാത്തതിനാലായിരിക്കണം.

"വരു, നമുക്കല്പം ചായ കഴിക്കുക" ഞാൻ വീണ്ടും എന്റെ ക്ഷണനം ആവർത്തിച്ചു. ഇപ്രാവശ്യം ആയാളതു കേട്ടു; ഞാൻ കുറച്ചുച്ചത്തിലാണ് ഇതു പറഞ്ഞതു്.

എന്നിട്ടും യാതൊന്നും മിണ്ടാതെ, ആയാൾ എന്നെ അനുഗമിച്ചു. എനിക്കു എന്റെ സ്നേഹിതന്റെ ഈ വിചിത്രമായ പെരുമാററത്തിൽ തെല്ലും ആശ്ചര്യം തോന്നിയില്ല. അതു ആയാളുടെ സ്വഭാവമാണു്. സ്വതവേ അയാളൊരു മൌനവ്രതക്കാരനാണു്. ആരെന്തുതന്നെ പറഞ്ഞാലും വളരെ ദുർല്ലഭമായേ മറുപടി പറയുകപതിവുള്ളു. മറുപടി പറഞ്ഞാലും ഇല്ലെങ്കിലും ശരി, പ്രവൃത്തി ചെയ്യേണ്ടതെല്ലാം വളരെ കണിശമായും, കാര്യബോധത്തോടെയും കർത്തവ്യനിഷ്ഠയോടെയും ആയാൾ ചെയ്തുതീർക്കുകതന്നെ ചെയ്യും.

ടെയിനിങ്ങ് ബററാലിയനിൽ വെച്ചാണു് ആദ്യമായി ഞാനയാളെ കണ്ടുമുട്ടിയതു്. അഗാധമായ ഏതൊ ചിന്തയിൽ ലയിച്ച ഒരാളെപ്പോലെയാണു് ഞാൻ ആയാളെ ഒട്ടുമുക്കാലും അവസരങ്ങളിൽ കണ്ടിട്ടുള്ളതു്. അതുകൊണ്ടുതന്നെയായിരിക്കണം കേണൽ അദ്ദേഹത്തെ "പ്ലാറേറാ" എന്നു വിളിച്ചിരുന്നതു്. എന്തായാലും, ആയാളോടു എനിക്കു അതിരററ സ്നേഹവും ബഹുമാനവുമാണു് തോന്നിയിരുന്നതു്. ചിലപ്പോൾ, വളരെ അപൂർവ്വമായി ആയാൾ എന്നോടു രണ്ടോ മൂന്നോ വാക്കുകൾ സംസാരിച്ചിരുന്നു, "എന്താ, കെ.സി., സുഖം തന്നെയല്ലേ?" എന്നു്. ഞാൻ ആയാളുടെ മൌനസ്വഭാവത്തിന്റെ ഹേതുവെന്താണെന്നു പലപ്പോഴും അന്വേഷിക്കും. "ഓ; ഒന്നുമില്ല" എന്നു അപ്പോഴൊക്കെ എനിക്കു മറുപടിയും കിട്ടും. വർത്തമാനത്തിലും പിശുക്കുപിടിക്കുക! എനിക്കു ഇതിൽ നേരിയ നീരസം തോന്നി. ധാരാളം സംസാരിക്കാനിഷ്ടപ്പെടുന്ന എനിക്കു കിട്ടിയ സ്നേഹിതൻ മൌനവ്രതക്കാരനായതിൽ എനിക്കല്പം മൌഢ്യമില്ലാതിരുന്നില്ല. ആരുകണ്ടു, ഈ നിശ്ചേഷ്ടവും നിശ്ശബ്ദവുമായ അഗാധതയ്ക്കടിയിൽ എന്തെല്ലാം കൊച്ചോളങ്ങളാണു് ഒരു പക്ഷെ ഒളിച്ചു കിടക്കുന്നതെന്നു്? എനിക്കു ഇങ്ങിനെ പല ആശങ്കകളും ജിജ്ഞാസകളും ആയാളെപ്പററി ആദ്യംമുതൽതന്നെ അങ്കുരിച്ചിട്ടുണ്ടു്.

ഒരു നീണ്ട നെടുവീർപ്പു വിട്ടുകൊണ്ടാണു് ആയാൾ ചായക്കപ്പെടുത്തു ചുണ്ടത്തുവെച്ചതു്. ആയാൾ ഒരിറക്കു കുടിച്ചു ചായപ്പാത്രം താഴെത്തന്നെവെച്ചു.

"കെ. സി. എനിക്കു ചായവേണ്ട. എന്തോ തലചുററുന്നു" എന്നും പറഞ്ഞു ആയാൾ ബെഞ്ചിൽ ഇരുന്നു.

എന്തൊരു മട്ടാണിതു്? ഞാനമ്പരന്നു. അല്ലാ, ഇയാൾക്കു കിറുക്കുണ്ടോ? ചായയുടെ ആവി ഇയാളുടെ തലച്ചോറിനെ ഇത്രവേഗം ചൂടു പിടുപ്പിച്ചുവെന്നോ!

"എന്താ, അല്പം സുഖമുണ്ടോ?" ഞാൻ ലേശം പരിഭ്രമത്തോടെ ചോദിച്ചു.

"എന്തൊരു വ്യത്യാസം?" ആയാൾ ഉച്ചരിച്ചു. എന്തൊരു വ്യത്യാസം! എന്റെ ഹൃദയത്തിലും ഈ ചോദ്യം പ്രതിധ്വനിച്ചു. എന്തിനെ ഉദ്ദേശിച്ചാണു് ഇയാൾ പറയുന്നതു്? എനിക്കു മനസ്സിലായില്ല. ഒരു പക്ഷെ അശോക്കുമാറിന്റെയും, ചന്ദ്രശേഖരന്റെയും നടനരീതിയിലുള്ള വ്യത്യാസത്തെപ്പററിയായിരിക്കാം; അഥവാ കാക്കിതുണിയുടെ കട്ടിത്തത്തെപ്പററിയും, മല്ലിന്റെ മിനുമിനുപ്പിനെപ്പററിയും ആയിരിക്കാം. ഞാനിങ്ങിനെ പലതും ആലോചിച്ചു തൃപ്തിപ്പെട്ടു.

"നോക്കു, ആ പാവങ്ങളെ!" ആയാൾ ചൂണ്ടിക്കാണിച്ചു.

"എന്താ ഭ്രാന്തുണ്ടോ?" ഞാൻ ഇപ്രാവശ്യം എന്റെ സംശയം പുറത്തു പ്രകാശിപ്പിക്കുകതന്നെ ചെയ്തു.

"അവരെപ്പററി ചിന്തിച്ചിട്ടു് നമുക്കെന്താണു് കാര്യം?" ഞാൻ ചോദിച്ചു.

ആയാളെന്നെ ഒന്നു തുറിച്ചുനോക്കി. ആ നോട്ടത്തിൽ എന്തോ ഒരു പന്തികേടുണ്ടെന്നു് എനിക്കും തോന്നി.

"ഹാ! എന്തൊരു വ്യത്യാസം? അല്പം മുമ്പെ ബാൽക്കണിയിലരുന്നു നമ്മോടൊപ്പം സിനിമ കണ്ടിരുന്നവരും റെയിൽവെ പ്ലാററ്ഫോറത്തിൽക്കിടന്നുറങ്ങുന്ന ഈ ദരിദ്രനാരായണന്മാരും തമ്മിൽ എന്തൊരു വ്യത്യാസം?" ആയാൾ പറഞ്ഞുതുടങ്ങി: "ഒരേ ഭൂമിയിലല്ലേ രണ്ടു കൂട്ടരും പിറന്നിട്ടുള്ളതു്? അവരേയും ഭാരതത്തിലെ ജനസംഖ്യയിലുൾപ്പെടുത്തിയിട്ടുണ്ടു്. രണ്ടുതരക്കാരു 40 കോടി എന്ന ജനസംഖ്യയിൽപ്പെട്ടവരാണു്. ഈ കാഴ്ച കണ്ടാൽ ഏതൊരു ഹൃദയമാണു് തകരാതിരിക്കുക? അസ്ഥിശേഷരായ അവരുടെ വാരിയെല്ലുകൾ ശ്വാസോച്ഛ്വാസത്തിൽ പൊങ്ങിമറിയുന്നു. ചില പിഞ്ചുപൈതങ്ങൾ തള്ളയുടെ ഒഴിഞ്ഞ പണസ്സഞ്ചിപോലെയുള്ള മുലയും കടിച്ചുകൊണ്ടു, ആലിലപോലെ ഒട്ടിയ വയറോടെ കിടന്നുറങ്ങുന്നു. അവർക്കു പുതപ്പില്ല. അമ്മ മകനെ സ്വന്തദേഹംകൊണ്ടു പുതപ്പിക്കുന്നു. കോഴിക്കു അതന്റെ കുഞ്ഞുങ്ങളെ ചിറകുകൾക്കടിയിലൊളിപ്പിക്കാം. എന്നാൽ ഈ മനുഷ്യർക്കു ആ സൌകര്യങ്ങൾ കൂടി പ്രകൃതി നിഷേധിച്ചിരിക്കുന്നു! ഇവരുടെ വീട്ടിന്റെ മേല്പുര ആകാശമാണു്. അവരുടെ ഗൃഹസാമഗ്രികളോ? ഒരു പൊളിഞ്ഞ പിഞ്ഞാണം; കുറച്ചു ചുള്ളിവിറകു; കീറിയ തുണികൊണ്ടുണ്ടാക്കിയ കുറെ സഞ്ചികൾ. അതേ, ഇവരും മനുഷ്യരാണു് ഇന്ത്യയിലെ നാല്പതുകോടി ജനസംഖ്യയിൽ ഉൾപ്പെട്ടവരാണു് കെ. സി ക്കു് മനസ്സിലാവുന്നുണ്ടോ? പാവങ്ങൾ! അവരുടെ വിയർപ്പിൽനിന്നു പൊടിഞ്ഞ ലോകം ഒരു കാലത്തു അവരിൽത്തന്നെ ലയിക്കും."

ഞാനൊന്നും പറഞ്ഞില്ല. വണ്ടിവന്നു ഞങ്ങൾ വണ്ടിയിൽക്കയറി എന്റെ സ്നേഹിതൻ വീണ്ടു ചിന്താമഗ്നനായിക്കാണപ്പെട്ടു. വണ്ടിയിൽനിന്നു ഞങ്ങൾ യാതൊന്നും ഉരിയാടയില്ല.

വണ്ടിയിറങ്ങി, റോഡിലൂടെ നടക്കുന്ന അവസരത്തിൽ ഞാൻ അപേക്ഷാസ്വരത്തിൽ ആയാളോടു പറഞ്ഞു: "തെററിദ്ധരിക്കരുതു്. അസുഖമായിത്തോന്നാത്തപക്ഷം താങ്കളെപ്പററി കൂടുതലായി പറഞ്ഞു തരണം. എന്റെ ജിജ്ഞാസ അധികരിക്കുന്നുവെങ്കിൽ ക്ഷമിക്കണം"

ആയാളെന്നെ വീണ്ടും തുറിച്ചുനോക്കി. കുറച്ചിടകഴിഞ്ഞശേഷം ഇങ്ങനെ പറഞ്ഞു: "ആവട്ടെ, നാളെ നമ്മുടെ സംഭാഷണവിഷയം എന്റെ ആത്മകഥാകഥനമാവട്ടെ."

ഞാൻ സമ്മതഭാവത്തിൽ തലകുലുക്കി. മുകൾപ്പരപ്പു നിശ്ശബ്ദമായ ഈ നദിക്കു യാതൊരു അടിയൊഴുക്കും ഇല്ലാതിരിക്കുമോ?

II

പതിവിലധികം നേരത്തെത്തന്നെ ഞങ്ങൾ ചൌപ്പാത്തി കടൽപ്പുറത്തു ചെന്നു എത്തിച്ചേർന്നു. ഓളം തല്ലുന്ന കടലിനെ തൊട്ടുഴിഞ്ഞുവരുന്ന ആ കടൽക്കാറേററു കമ്മുണ്ണിയുടെ ഒരിളനീർ കുടിക്കുക എന്നതു പലപ്പോഴും ഞങ്ങൾക്കു ഉന്മേഷമൂട്ടിയിട്ടുള്ള ഒരു കാര്യമാണു്. "ഞമ്മടെ മേനോനച്ചമ്മാക്കു് ഒരു കല്യാണൊക്കെ വേണം. ഒക്കെ കമ്മുണ്ണി ശെരിപ്പെടുത്തും" എന്ന മുഖവുരയോടെ സാധാരണ ഇളനീർ ചെത്തിത്തരാറുള്ള ആ ചാവക്കാട്ടുകാരൻ മാപ്പിളയ്ക്കു കൂടി ഞങ്ങൾ അത്ര നേരത്തെ വന്നതിൽ അത്ഭുതം തോന്നിയിരിക്കണം.

പക്ഷെ എന്റെ ശ്രദ്ധ അങ്ങോട്ടൊന്നും തന്നെ വ്യാപരിച്ചില്ല. കാരണം സുഹൃത്തിന്റെ ജീവിതകഥ അറിയാനുള്ള കൊതി എനിക്കത്രയധികം ഉണ്ടായിരുന്നു. എന്റെ ഒരു പ്രത്യേക സ്വഭാവമാണതു, ഒന്നിൽ ജിജ്ഞാസ ജനിച്ചാൽ ഉടനടി അതു അറിയണമെന്നതു്.

"അപ്പോൾ, ഇന്നലത്തെ വാഗ്ദത്തം മറന്നുവോ?" ഞാൻ ആയാളെ ഓർമ്മിപ്പിച്ചു.

"നിങ്ങൾക്കു അക്ഷമയായോ കേൾക്കുന്നതിന്നു്? ശരി ഞാൻ പറഞ്ഞുകളയാം, പക്ഷേ ഒരു നീണ്ട, വളഞ്ഞുപുളഞ്ഞ ഒരു കഥയാണതു്. അതിലൊന്നുംതന്നെ ആനന്ദിക്കാനില്ല." ആയാൾ പറഞ്ഞുതുടങ്ങി: "ഞാൻ പിറന്നതു ഒരു ദരിദ്രകുടുംബത്തിലാണു്. എനിക്കു 14 വയസ്സുള്ളപ്പോൾ എന്റെ അച്ഛൻ പരലോകപ്രാപ്തനായി. അന്നുമുതൽ വൃദ്ധയായ മാതാവിനേയും, താഴെയുള്ള നാലു സഹോദരങ്ങളേയും പരിരക്ഷിക്കേണ്ടതു എന്റെ ചുമതലയായിത്തീർന്നു. അച്ഛന്റെ മരണശേഷം നാലു മാസം കഴിഞ്ഞപ്പോൾ ഞങ്ങൾ നാടുവിട്ടു. കാരണം പട്ടിണി ഞങ്ങൾക്കിരിക്കപ്പൊറുതി തന്നില്ല. ആരുമൊന്നും സഹായിക്കാനുമുണ്ടായിരുന്നില്ല. കുട്ടികൾ നേരം പുലർന്നാൽ വിശന്നു നിലവിളിക്കും. ഇതും കണ്ടുകൊണ്ടു എത്ര നാളിരിക്കും?

ഞങ്ങൾ പോയതു പാലക്കാട്ടേയ്ക്കാണു്. അവിടെ ഒരു ഹോട്ടലിൽ പ്രവൃത്തിയെടുത്തു. എന്നാൽ ആ ഹോട്ടലുടമസ്ഥന്റെ ശകാരവും മട്ടനവും ഞങ്ങളെ അവിടെനിന്നകററി. ഇങ്ങിനെയൊന്നും കഴിഞ്ഞുകൂടാൻ സാദ്ധ്യമല്ലെന്നു എനിക്കു തികച്ചും ബോധ്യമായി. ഞാൻ അമ്മയെയൊരുവിധം സമാധാനിപ്പിച്ചു പുറപ്പെട്ടു. എവിടേയ്ക്കു? എവിടേയാണു് എനിക്കു ജീവിയ്ക്കാൻ സാധിക്കുക? യാതൊരെത്തും പിടിയുമില്ല. ഒരു യന്ത്രത്തെപ്പോലെ ഞാനെന്തൊക്കെയോ ചെയ്തു, എങ്ങോട്ടേയ്ക്കോ പോയി."

ആയാൾ കുറച്ചു നേരത്തേക്കു സംഭാഷണം നിർത്തി. കടൽപ്പുറത്തെ ബഹളം. മലബാർ ഹില്ലിൽ പൊന്തിനില്ക്കുന്ന കൂററൻ ബങ്കളാവുകൾ; അപ്പുറത്തു് എരിയുന്ന ബഹുസഹസ്രം വൈദ്യുതദീപങ്ങൾ, ഞാൻ എന്റെ ദൃഷ്ടികൾ ചുററും വ്യാപരിപ്പിച്ചു.

"മേന്നു് ഇളനീർ വേണ്ടേ?" കമ്മുണ്ണിയുടെ മകൻ ആലിക്കുട്ടി ഞങ്ങളെ സമീപിച്ചു.

"കെ.സി., നമുക്കൊരിളനീർ കഴിക്കുക." എന്റെ സുഹൃത്തു് ആവശ്യപ്പെട്ടു. എന്റെ സ്നേഹിതനു വല്ലാതെ ദാഹിക്കുന്നുണ്ടായിരുന്നു. ആയാൾ രണ്ടിളനീർ കുടിച്ചു. ആയാൾ ഇത്രയധികം ഒരിക്കലും ക്ഷീണിച്ചു കണ്ടിട്ടില്ല.

"സ്ഥൂലിച്ച മാറില് മുളച്ച നാരങ്ങ രണ്ടാണ്. ഹേ..അതു സുരണത്തില് മുത്തുന്ന പൊന്നാണേ.:..!" ആലിക്കുട്ടി ആ സിമൻറു് ബെഞ്ചിലിരുന്നു, അരുവാൾക്കത്തിയിന്മേൽ താളംപിടിച്ചു പാടി. എനിക്കു ചിരിവന്നു. ബോംബെ കടൽപ്പുറത്തും മലബാർ മാപ്പിളയുടെ നാടൻ കവിതകൾ! ശൃംഗാരഗാനങ്ങൾ!

"കെ.സി., നിങ്ങൾ എങ്ങോട്ടാണു ശ്രദ്ധിക്കുന്നതു്?" ആയാൾ തുടർന്നു: "ഞാനങ്ങിനെ ബോംബെയിലെത്തി. അതു 1941 ആദ്യമാണു്. ഇവിടെ എനിക്കുള്ള വിഷമതകൾ കുറച്ചായിരുന്നില്ല. ബോംബെയിലെ തെരുവീഥികളിൽ, പടുകൂററൻ മാളികകളാൽ പരിലസിക്കുന്ന ഇന്ത്യയിലെ മഹിമയേറിയ ഈ നഗരത്തിൽ ഞാൻ

# നാസി

(പി. കെ. കുഞ്ഞിരാമൻ പണിക്കർ.)

മനുഷ്യത്വം നശിച്ചേററം
മൃഗീയത്വം കലർന്ന നീ
ലോകത്തിൽനിന്നു മാഞ്ഞീടാൻ-
സമയം വന്നടുത്തുപോയ്. (1)
ഹിററ്ലറിൻ രാജ്യമോഹത്തി-
ന്നടിമപ്പെട്ട നീചനായ്,
രക്തക്കുളത്തിൽ നീന്തിച്ചു
ലോകത്തെ നാസി രാക്ഷസൻ. (2)
നൈഷ്ഠൂര്യമാർന്ന നാട്ടാരിൻ
നട്ടെല്ലെല്ലാം തകർക്കുവാൻ,
തോക്കേന്തി ഭൂവിൽ ജീവിക്കും
കാട്ടാളൻ മാത്രമാണു നീ. (3)
വേട്ടയാടി പലേടത്തും
കൊന്നും കൊത്തിനുറുക്കിയും,
കൊച്ചുപൈതങ്ങളെപ്പോലും
നിർദ്ദയൻ നാസി യോധ, നീ. (4)
വീരനാണത്രെ നീ യാര്യൻ
നോർഡിക് രക്തമിയന്നവൻ!
ഓടുന്നതെന്തു സർവ്വത്ര
പോരിൽ വൈരിയോടേല്ക്കവേ? (5)
മറക്കപ്പെടുകില്ലെന്നും
നാസി, നിൻ നിന്ദ്യനിഷ്ഠകൾ,
അത്രമേൽ ഭീകരംഭീതം
ദുഷ്ടം താവക ചര്യകൾ! (6)
ആല്പ്സിങ്കൽ മഞ്ഞുതിന്നേററം
കുളിത്തിട്ടുള്ള കുന്നുകൾ
ചുവന്ന ചായം ചാർത്തിച്ച
പാവങ്ങൾക്കുള്ള ചോരയാൽ. (7)
പുളിച്ചു വോൾഗ, സീൻ, എന്നീ
നദിതൻ ജലമൊക്കവേ,
സാധുക്കൾ വീഴ്ത്തിയിട്ടുള്ള
കണ്ണീരിൽ ച്ചേർന്നൊരുപ്പിനാൽ (8)
നാസി!—യപ്പേരു കേൾക്കുമ്പോൾ,
നാറുന്നീ മന്നിലെങ്ങുമേ.
പ്ലേഗുപോലെ വെറുക്കുന്നു
നാസിസം മർത്ത്യരൊക്കെയും (9)
നശിക്കും നാളെനീ; നിൻെറ-
ചരിത്രം തേഞ്ഞു മാഞ്ഞിടും;
ജയിക്കും സഖ്യപക്ഷങ്ങൾ;
പുലരും പുതുരീതികൾ (10)

അലഞ്ഞുനടന്നു. കുടവയറന്മാരായ മാർവാറികൾ പണമെണ്ണിയിരിക്കുന്ന കാഴ്ച എന്നെ ശുണ്ഠി പിടിപ്പിച്ചു. എങ്ങും ഐശ്വര്യം. പക്ഷെ എനിയ്ക്കു പട്ടിണിമാത്രമായിരുന്നു. എനിക്കു ഭാഷയറിഞ്ഞിരുന്നില്ല. ആരോടെങ്കിലും എന്തെങ്കിലും യാചിച്ചാൽ ഉടനെ "ജാവ്, ജാവോ" എന്ന ഒരു ഭയങ്കരസ്വരമാണ് പ്രതിഫലം കിട്ടുക. ഈ വാക്കിൻെറ അർത്ഥം എനിക്കു ആദ്യം മനസ്സിലായില്ല. ഒരു മാന്യൻ ഒരിയ്ക്കൽ ഇതു ഉച്ചരിച്ചിട്ടും ഞാൻ പോകാത്തതിനാൽ എൻെറ പിരടിയ്ക്കു പിടിച്ചു തള്ളി. അങ്ങിനെ ബോംബെയിൽനിന്നു ഞാൻ ആദ്യമായി ഈ വാക്കിൻെറ അർത്ഥം, അദ്ദേഹത്തിൻെറ ദണ്ഡനം സഹിച്ചു, മനസ്സിലാക്കി. കെ.സി., ആയാൾ ഒരു മലയാളിയായിരുന്നു. അങ്ങിനെ ഒഴിഞ്ഞ വയറോടും കുഴിഞ്ഞ കണ്ണുകളോടുംകൂടി ഒരു പിശാചിനെപ്പോലെ ഞാൻ ചുററിത്തിരിഞ്ഞു. പലരും എന്നെ ഭ്രാന്തൻ എന്നു പറഞ്ഞു ആട്ടിപ്പായിച്ചു. സുഹൃത്തേ, അവർക്കോ എനിക്കോ അപ്പോൾ ഭ്രാന്ത് എന്നു നിങ്ങൾ തീർച്ചയാക്കിയാൽ മതി.

ഞാൻ ബോംബെയിലെ ഒരു സ്ഥിരം യാചകനായി ഏതൊരു ചെററയേയും "മഹാരാജ്!" എന്നു വിളിച്ചു. കേണു യാചിച്ചു, കാശുകിട്ടുമ്പോൾ എന്തിനാണ് ആഭിജാത്യം കരുതുന്നത്? എനിക്കു ക്രമേണ ഭാഷ പഠിഞ്ഞു; ആദായം വർദ്ധിച്ചു. ഞാൻ തുച്ഛമായ ഒരു തുക അമ്മയ്ക്കയച്ചുകൊടുത്തു—ബോംബെയിലെ പണക്കാരുടെ ഔദാര്യം കാണിച്ചു തുപ്പിയ നാണയത്തുട്ടുകളുടെ ഒരു തുക!

—ഇന്നലെ ദാദർ സ്റ്റേഷനിൽ കിടക്കുന്ന ആ മനുഷ്യകീടങ്ങളെ നിങ്ങളോർക്കുന്നുണ്ടോ? അവരിലൊരാളായിരുന്നു ഞാനും.

"അപ്പോൾ" ഞാൻ അത്ഭുതത്തോടെ ചോദിച്ചു: "നിങ്ങളെങ്ങിനെ ഈ നിലയിൽ എത്തിച്ചേർന്നു?"

"അതോ! ഒരു ദിവസം ദാദർ സ്റ്റേഷനിൽ ഇറങ്ങിയ നാലു മലയാളി മാന്യന്മാരോടു ഞാൻ ഭിക്ഷ യാചിച്ചു. അവരെന്നെ അവരുടെ വീട്ടിലേയ്ക്കു വിളിച്ചുകൊണ്ടുപോയി. അവിടെ ഒരു പരിചാരകനായി നിയമിച്ചു. എനിക്കു കിട്ടിയ ഉദ്യോഗക്കയററത്തിൽ ഞാൻ അഭിമാനിച്ചു—പിച്ചക്കാരനിൽനിന്നു പരിചാരക പദത്തിലേയ്ക്കു! അവർ ദയാലുക്കളായിരുന്നു. എന്നോടു അവർ സഹോദരനിർവ്വിശേഷം പെരുമാറി. ഞാൻ നിശാപാഠശാലയിൽ ചേർന്നു പഠിച്ചുതുടങ്ങി. മാസംതോറും അമ്മയ്ക്കു പത്തുറുപ്പിക അയച്ചുകൊടുത്തു. എനിക്കു ഇംഗ്ലീഷിൽ ഒരു സാമാന്യ പരിജ്ഞാനം സിദ്ധിച്ചുകഴിഞ്ഞു. പക്ഷെ അവിടേയും എൻെറ കഷ്ടത അവസാനിച്ചില്ല. അവർക്കു ബോംബെ വിടേണ്ടിവന്നു. അവരുടെ മുതലാളി അവരെ പിരിച്ചുവിട്ടു. അവരെങ്ങോട്ടോ പോയി. നല്ല ചെറുപ്പക്കാർ! പാവം അവർ പോവുമ്പോൾ ഞാൻ ഒരു കൊച്ചുകുഞ്ഞിനെപ്പോലെ കരഞ്ഞു."

ഞങ്ങളുടെ കുറച്ചകലെനിന്നു ഒരു പട്ടി കുരച്ചു; എന്തോ പ്രാണവേദനയോടുകൂടിയായിരുന്നു ആ പാവപ്പെട്ട ജന്തുവിൻെറ കുരച്ചൽ. തുവ്വാലകൊണ്ടു കണ്ണു തുടച്ചശേഷം ആയാൾ വീണ്ടും തുടർന്നു.

"നാട്ടിൽ അമ്മയും കുട്ടികളും പട്ടിണി! ഞാൻ ബോംബെയിൽ തെണ്ടിത്തിരിയുകയും! ചിന്തകൾ എൻെറ തലയിൽ ചെന്തീയുണ്ടാക്കി. കൊക്കനാഡയിലും വിശാഖപട്ടണത്തിലും, ജാപ്പുകൾ ബോംബിട്ടുവെന്ന വർത്തമാനം അന്നത്തെ "ടൈംസ് ഓഫ് ഇന്ത്യ"യിൽ ഞാൻ വായിച്ചു. ശത്രുക്കൾ അതാ നമ്മുടെ നാട്ടിനെ കത്തിയെരിക്കുന്നു! എനിയ്ക്കു ഇരിക്കപ്പൊറുതിയില്ലാതായി. ഞാനെന്തെക്കേയോ ആലോചിച്ചു.

അന്ന് ആഗസ്റ്റ് 2-ാം തിയ്യതിയായിരുന്നു. അഞ്ചാം പത്തിക്കാരുടെ പ്രക്ഷോഭണം ആരംഭിച്ച ആ ദിവസം. ഭ്രാന്തു പിടിച്ച ജനസമൂഹം, കണ്ടതെല്ലാം തീയിട്ടെരിച്ചു കരിച്ചുകളയാനൊരുങ്ങിയ ഒരു സംഘം ദ്രോഹികൾ, ആ കൂട്ടത്തിൽ എന്നെ ആട്ടിപ്പായിച്ച പലരുമുണ്ട്. വ്യവസായിപ്രമാണികളുടെ മക്കൾ, ശേട്ടുമാരുടെ പുത്രന്മാർ, പണക്കാരുടെ സേവകന്മാർ, മററും മററും. അവർ ബോംബെ നരകമാക്കിത്തീർക്കാൻ ശ്രമിക്കുകയാണ്. കെ.സി., "ആ സ്വാതന്ത്ര്യത്തിൻെറ ദൈവദൂതന്മാർ," ചെകുത്താൻെറ സൃഷ്ടികളായിരുന്നു! 'ജപ്പാൻ അടുത്തെത്തി; ഇതാണ് നമ്മുടെ അവസരം' അവർ അട്ടഹസിച്ചു; ആർത്തുവിളിച്ചു; പിറുപിറുത്തു. ഗൂഢാലോചന നടത്തി—ദ്രോഹം, വഞ്ചന, വിഡ്ഢിത്തം, എനിയ്ക്കിതേ മനസ്സിലാക്കാൻ കഴിഞ്ഞുള്ളു.

ആഗസ്റ്റ് 10-ാം തിയ്യതി മി: അപ്പുകുട്ടമേനോൻ എന്നോടു ചോദിച്ചു: "നിങ്ങൾക്കു ജോലിയൊന്നുമില്ല അല്ലേ?"

"ഇല്ല" ഞാൻ ആഹ്ലാദത്തോടെ മറുപടി പറഞ്ഞു: "വല്ല ചാൻസുമുണ്ടോ?" "ഉവ്വ്, നിങ്ങൾ രഹസ്യമായി പ്രവർത്തിക്കണം നല്ല പ്രതിഫലം കിട്ടും, ഞാൻ പറയാം 100 ക. കുറച്ചു പണിയേ ഉള്ളു. ദാദർ സ്റ്റേഷനിൽ ഒരു ടൈംബോമ്പുവെക്കുക അത്രമാത്രം. നിങ്ങൾ കേരളത്തിൻെറ സന്താനമാണ്; വീരകേരളത്തിൻെറ വീരപുത്രൻ."

എനിക്കു ഭ്രാന്തിളകി. ദാദർ സ്റ്റേഷനിൽ നിത്യവും കിടന്നുറങ്ങുന്ന പാവങ്ങളെ എനിക്കോർമ്മവന്നു. അവരെ ചുട്ടുകരിച്ചിട്ട്, എന്തു സ്വാതന്ത്ര്യമാണ് കിട്ടുക. ആ പാവങ്ങളെ, "നിങ്ങൾ പാവപ്പെട്ടവരോടാണ് അപ്പോൾ യുദ്ധം ചെയ്യുന്നത്. ഹിററ്ലരുടെ ചങ്ങാതികൾ; ടോജോവിൻെറ ചെരുപ്പുനക്കികൾ." ഞാൻ ആയാളെ ശകാരിച്ചു. ഞാനയാളെ പോലീസിൽ ഏല്പിക്കേണ്ടതായിരുന്നു, പക്ഷെ എനിക്കു വിഡ്ഢിത്തംപററി. ഞാൻ സമ്മതിയ്ക്കാം മലയാളിത്വം എന്നെ സമ്മതിച്ചില്ല. അതൊരു ബലക്കുറവാണ്. നോക്കൂ, സ്നേഹിത, ഈ അപ്പുകുട്ടമേനോൻ എൻെറ ഗുരുനാഥനാണ്. ഞാൻ മുമ്പു പറഞ്ഞില്ലേ, "ജാവോ" എന്ന ഹിന്ദിവാക്കിൻെറ അർത്ഥം ഈയാളാണ് എന്നെ പഠിപ്പിച്ചത്!

ശത്രു നമ്മുടെ നാട്ടിൻെറ അതൃത്തിയിൽ; ശത്രുചാരന്മാർ നാട്ടിൽ സർവ്വത്ര; എങ്ങും അസ്വാസ്ഥ്യം; അന്തഃഛിദ്രം. ഞാൻ പട്ടാളത്തിൽ ചേർന്നു. എനിക്കും എന്തെങ്കിലും ചെയ്യാതിരിക്കാൻ നിവൃത്തിയില്ല.

നിങ്ങൾക്കു ബാക്കിയെല്ലാം അറിയാമല്ലോ. ഞാൻ പാവപ്പെട്ട വർഗ്ഗത്തിൽനിന്നുവരുന്ന ഒരാളാണ്. പട്ടാളത്തിൽനിന്നു എനിക്കു പല നേട്ടങ്ങളും കൈവന്നിട്ടുണ്ട്.

"നിങ്ങളുടെ അമ്മയോ!" ഞാൻ ഉൽക്കണ്ഠാപൂർവ്വം ചോദിച്ചു.

"അവർക്കിപ്പോൾ വലിയ ബുദ്ധിമുട്ടൊന്നുമില്ല. ഞാൻ മാസത്തിൽ 50 ക. അലോട്ട് ചെയ്തിട്ടുണ്ട്. കുട്ടികൾ സ്കൂളിൽ പഠിക്കുന്നുണ്ട്" ആയാൾ സാഭിമാനം പറഞ്ഞു.

"യുദ്ധം കഴിഞ്ഞാൽ നിങ്ങൾ എന്തു ചെയ്യാനുദ്ദേശിക്കുന്നു?" ഞാൻ ആയാളോടു ചോദിച്ചു.

അല്പനേരത്തേക്കു ആയാൾ ചിന്താമഗ്നനായിരുന്നു. എന്നിട്ടു എൻെറ തോളിൽ കൈവെച്ചുകൊണ്ടു പറഞ്ഞു: "കെ.സി., ജനങ്ങളെ സേവിയ്ക്കാൻ, സമുദായത്തെ നന്നാക്കാൻ, മനുഷ്യനെ മനുഷ്യനാക്കിത്തീർക്കാൻ, അങ്ങിനെ എന്തെന്തെല്ലാം സംസ്കരിക്കാൻ. യുദ്ധം കഴിഞ്ഞാലും പലതും നിർവ്വഹിക്കേണ്ടതുണ്ട്. ഇന്നു യുദ്ധം ചെയ്യുന്ന നമ്മുടെ ജോലിയാണ് നാളെ യുദ്ധമില്ലാതാക്കുക എന്നത്." ആയാൾ പറഞ്ഞവസാനിപ്പിച്ചു. എനിക്കു മുഴുവനും മനസ്സിലായില്ലതന്നെ. ഞങ്ങൾ രണ്ടുപേരും നിശ്ശബ്ദമായിരുന്നു.

മലബാർ ഹില്ലിലെ ഒരു മണിമാളികയുടെ മേലെനിന്നു ഒരു ഗ്രാമഫോൺ പാടി; "ഏക് നയാസൻസാർ ബസാലേ, ഏക് നയാ സൻസാർ!..."

"കെ.സി., അതു ശ്രദ്ധിച്ചു കേൾക്കൂ." ആയാൾ പുഞ്ചിരിതൂകിക്കൊണ്ടു പറഞ്ഞു. ആയാൾ എഴുന്നേററു. ആയാൾ ഏററുപാടി. "ഏക് നയാ സൻസാർ ബസാലേ ഏക് നയാസൻസാർ..." ഞാനൊരു മന്തനെപ്പോലെ ഇതൊക്കെ കണ്ടുംകൊണ്ടുനിന്നു.

# തൊഴിലാളികൾ നൽകുന്ന നേതൃത്വം

## സർവ്വരാജ്യതൊഴിലാളി സമ്മേളനത്തിൻെറ ചരിത്രപരമായ പ്രാധാന്യം

(എം. ഗോവിന്ദൻ)

(കഴിഞ്ഞ ലക്കത്തിൽനിന്നു തുടച്ച്)

### III

"തൊഴിലാളികൾക്കു മാതൃഭൂമിയില്ല" എന്ന മാർക്സിയൻ മുദ്രാവാക്യം മുഴക്കാൻ തുടങ്ങിയിട്ടു ഇന്നേക്കു ഏതാണ്ട് ഒരു നൂററാണ്ടാകാറായി. എന്നാൽ അതിന്നു ഒരിക്കലുംതന്നെ പ്രായോഗികവും വ്യക്തവുമായ അംഗീകരണം ലഭിച്ചിട്ടില്ല എന്നുതന്നെ പറയാം. വ്യവസായികവിപ്ലവത്തിന്നുശേഷം തൊഴിലാളിപ്രസ്ഥാനം, പലപ്പോഴും ദേശീയമായ അതിർത്തികൾ കവിഞ്ഞു ഒഴുകിയിരുന്നുവെന്നതു് ശരിതന്നെ. ലോകത്തിലെ സാമൂഹ്യശക്തികളുടേയും, സാമ്പത്തിക വ്യവസ്ഥകളുടേയും വളർച്ചയും വികാസവും ഒരേസമയത്തു ഒരേ സമതലത്തിലൂടെയായിരുന്നില്ല. അതിനാൽ ഓരോ രാജ്യങ്ങളിലും ആ ചരിത്രപരമായ സംഭവവികാസങ്ങൾക്ക് നിമ്നോന്നതത്വവും, പ്രത്യേകതയും ഐകരൂപ്യമില്ലായ്മയും ഉണ്ടായി. സമുദായവികാസത്തെ ഉപാധികമാക്കിട്ടുള്ള ഒന്നാണല്ലോ അതിലുൾപ്പെടുന്ന ഏതൊരു വർഗ്ഗത്തിൻേറയും ഉൽക്കർഷം. ഈ മാനദണ്ഡം വെച്ചുനോക്കുന്നപക്ഷം തൊഴിലാളികളുടെ നിലയിലും വ്യത്യാസമുണ്ടായിരുന്നതായി കാണാം.

തൊഴിലാളി നേതാക്കന്മാർ ഇതിന്നുമമ്പും അന്തർദ്ദേശീയമായ സംഘടനയും, സഹകരണവും സൃഷ്ടിക്കുന്നതിന്നുവേണ്ടി ശ്രമിച്ചിട്ടുണ്ടു്. പക്ഷെ ആവക പരിശ്രമങ്ങളെല്ലാം സാധിതപ്രായമായെങ്കിലും, ക്രമേണ ആ സംഘടനകൾക്കുള്ളിൽത്തന്നെ മുളച്ചുവന്ന അഭിപ്രായവ്യത്യാസങ്ങളാലും, ആദർശവൈരുദ്ധ്യങ്ങളാലും ഛിന്നഭിന്നമായി. കഴിഞ്ഞ ഒന്നര നൂററാണ്ടോളമായിട്ടുള്ള തൊഴിലാളി സംഘങ്ങളുടെ ചരിത്രം കക്ഷിവഴക്കിൻെറയും, അവസരസേവയുടേയും, ഗ്രൂപ്പിടുത്തത്തിൻേറയും ചരിത്രമാണു്. ലോകത്തിലെ തൊഴിലാളികളെ മുഴുവനും ബന്ധിക്കുന്നതിന്നുപയുക്തമായ ആവശ്യകതയുടെ അഭാവവും ഇതിന്നു കാരണഭൂതമായിത്തീർന്നിട്ടുണ്ടു്. ഓരോ രാജ്യത്തിൻെറയും പുരോഗമനത്തിൻെറ ഏററവും കുറച്ചിലുകൾ അനുസരിച്ചു തൊഴിലാളികളുടെ ആവശ്യങ്ങൾക്കും വൈവിധ്യമുണ്ടായി. ഇവയെ മുഴുവനും കോർത്തിണക്കുന്നതിന്നുപററിയ ഒരാശയസമുച്ചയം ഉണ്ടായതുമില്ല. മുദ്രാവാക്യങ്ങൾ ഉണ്ടായിരുന്നു; പക്ഷെ അവയിന്മേൽ ഒരു സംഘടന സൃഷ്ടിച്ചു നിലനിർത്താൻ പ്രയാസമാണു്. അങ്ങിനെ തൊഴിലാളി പ്രസ്ഥാനം ഭിന്നിച്ചും മുരടിച്ചും കഴിയുകയായിരുന്നു.

ഇന്നു ആ പരിതസ്ഥിതി ആകമാനമൊന്നു മാറിയിട്ടുണ്ടു്. ഫാസിസത്തിൻെറ ആവിർഭാവം മുതൽ തൊഴിലാളികൾക്ക് യോജിച്ചു പ്രവൃത്തിക്കേണ്ട ആവശ്യകത ബോദ്ധ്യമായിത്തുടങ്ങി. മാത്രമല്ല, തങ്ങൾക്കുമാത്രം ചെയ്യുതീർക്കാവുന്ന ഒന്നല്ല ഈ ഗംഭീരകൃത്യമെന്നും അവർ ഗ്രഹിച്ചു് സമുദായത്തിലെ മററു പുരോഗമനകാരികളായ വിഭാഗങ്ങളൊടൊന്നിച്ചുകൂടി പ്രവൃത്തിക്കാനും ആരംഭിച്ചു. തന്മൂലം സാമുദായികമായ അടുപ്പമില്ലായ്മയിൽനിന്നു തൊഴിലാളികൾ സ്വതന്ത്രമായി. അവർ സമുദായത്തിലെ അയിത്തക്കാരല്ലാതായി. അരാജകവാദികളല്ലാതായി. മറേറതു പൌരന്മാരേപ്പോലെയും മനുഷ്യജനതയുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടുപിടിക്കുന്നതിന്നു മുന്നിട്ടിറങ്ങിയ മാന്യന്മാരായ പൌരന്മാരായിത്തീർന്നു.

എന്നുതന്നെയല്ല, ഈ യുദ്ധംമൂലം തൊഴിലാളി പ്രസ്ഥാനത്തിന്നു മറെറാരു ഗുണവുംകൂടി കൈവന്നു. ഭരണകൂടവുമായുള്ള സഹകരണം. ഇതേവരേയും തൊഴിലാളികളെ ഭരണകേന്ദ്രത്തിൻെറ ആയിരം നാഴികെ ദൂരെ അകററി നിർത്തുക എന്നതാണ് ഭരണകർത്താക്കൾ കൈകൊണ്ടിരുന്ന നയം. എന്നാൽ യുദ്ധം സമഗ്രമായ ഒന്നായതോടുകൂടി സമുദായത്തിലെ ഒരു സവിശേഷഘടകമായ തൊഴിലാളിവർഗ്ഗത്തോടു പഴയ നയം അനുവർത്തിക്കുന്നതിന്നു അവർക്കു സാദ്ധ്യമല്ലാതായി. ചുരുക്കിപ്പറഞ്ഞാൽ, തൊഴിലാളികളുടെ ഐക്യബോധവും, അന്തർദ്ദേശീയ സംഘടനയും ലോകത്തിലെ ഭരണകൂടങ്ങളുടെ ആവശ്യവും കൂടിയായി. നോക്കു, ഈ അത്ഭുതാവഹമായ സംഭവവികാസം, അതേ ഭരണാധിപ വർഗ്ഗത്തിൻെറ ഹൃദയപരിവർത്തനം. സാമൂഹ്യപരിതസ്ഥിതികളുടെ പ്രേരണയാൽ വന്നുകൂടിയതാണെങ്കിലും, അതിൻെറ ചരിത്രപരമായ പ്രാധാന്യം ദൂരവ്യാപകവും അഗാധവുമാണു്. അഖിലലോക തൊഴിലാളി സമ്മേളനം ലണ്ടനിൽവെച്ചു കൂടുന്നസമയത്താണു്, യാൾട്ടയിൽ ചർച്ചിലും, സ്റ്റാലിനും, റൂസ്‌വെൽട്ടും കൂടിയാലോചന നടത്തിയിരുന്നതു് എന്നതു് യാദൃച്ഛികമായ ഒരു സംഭവമല്ല. അതിൻെറ പിന്നിൽ കിടക്കുന്ന സംഗതികൾ ഏററവും ശ്രദ്ധേയങ്ങളും ലോകത്തിൻെറ ഭാസുരമായ ഭാവിക്കു അത്രമാത്രം സഹായകവുമാണെന്നതിന്നു യാതൊരു തർക്കവുമില്ല.

### IV

കഴിഞ്ഞ ഫിബ്രുവരിയിൽ ലണ്ടനിൽവെച്ചു ചേർന്ന അഖില ലോക തൊഴിലാളി സമ്മേളനത്തിൽ, ശത്രു രാജ്യങ്ങളൊഴിച്ചു ബാക്കിയുള്ള എല്ലാ രാഷ്ട്രങ്ങളിൽനിന്നും തൊഴിലാളി നേതാക്കന്മാർ സന്നിഹിതരായിരുന്നു. യുദ്ധം, അതിൻെറ വിജയകരമായ പര്യവസാനം, യുദ്ധാനന്തര പ്രശ്നങ്ങൾ, തൊഴിലാളികളുടെ അന്തർദേശീയ സംഘടന ഈ വിഷയങ്ങളെപ്പററിയെല്ലാം കൂലംകഷമായി ചിന്തിച്ചു ചർച്ച ചെയ്തു തീരുമാനങ്ങൾ അംഗീകരിക്കപ്പെട്ടു. റഷ്യ, ബ്രിട്ടൻ, അമേരിക്ക എന്നീ രാജ്യങ്ങളിലെ തൊഴിലാളികൾക്കു ഈ സമ്മേളനത്തിൽ കൂടുതൽ പ്രാമാണ്യവും, പ്രധാന പങ്കും ഉണ്ടായിരുന്നു. ലോകരാഷ്ട്രങ്ങളെ നയിക്കുന്നതിന്നു് ഇന്നു് ചർച്ചിലും, സ്റ്റാലിനും, റൂസ്‌വെൽട്ടുമാണു് മുന്നോട്ടു വന്നിട്ടുള്ളതു്. അതേപ്പോലെതന്നെ, ലോകത്തിലെ തൊഴിലാളി പ്രസ്ഥാനത്തിന്നു ഓജസ്സും സജീവത്വവും നൽകുന്നതിന്നു സർ വാൾട്ടർ സിട്രീനും, ആർ. ജി തോമസ്സും, വി. കുസ്‌നെട്‌സോവും മുന്നോട്ടിറങ്ങിയതും ആലോചനാർഹമായ ഒരു സംഗതിയാണു്. എന്നാൽ അഖിലലോക തൊഴിലാളി സമ്മേളനം ഈ മൂന്നു മഹൽരാജ്യങ്ങൾ ഏർപ്പെടുത്തിയ ഒരു പ്രദർശനമായിരുന്നില്ല. 39 സഖ്യരാഷ്ട്രങ്ങളിൽനിന്നും 12 നിഷ്പക്ഷരാഷ്ട്രങ്ങളിൽനിന്നുമായി 240 പ്രതിനിധികൾ ഈ സമ്മേളനത്തിൽ സംബന്ധിച്ചിരുന്നു. ഏററവും വലിയ പ്രതിനിധിസംഘം 35 പേരടങ്ങിയ സോവിയററു സംഘമായിരുന്നു.

ബ്രി. പ്രധാനമന്ത്രി വിൻസ്റ്റൺ ചർച്ചിൽ സമ്മേളനത്തിന്നയച്ച ഒരു സന്ദേശത്തിൽ തൊഴിലാളികളുടെ കർത്തവ്യത്തെപ്പററി ഊന്നിപ്പറഞ്ഞു. മി. ആററ്ലിയുടെ പ്രസംഗത്തിൽ സമ്മേളനം ചേരുന്ന അവസരത്തിൻെറ പ്രാധാന്യത്തെ എടുത്തു പ്രസ്താവിക്കുകയുണ്ടായി. സോവിയററ് പ്രതിനിധിസംഘത്തലവനായ കുസ്‌നെട്‌സോവ് ജാപ്പാന്നെതിരായ യുദ്ധത്തിൻെറ ആവശ്യകതയെ എടുത്തു കാണിച്ചു. അതേസമയത്തു അദ്ദേഹം തൊഴിലാളികൾക്കു ഒരുപദേശവും താക്കീതും നൽകി, "വിമോചിതമാക്കപ്പെട്ട രാഷ്ട്രങ്ങളിലെ തൊഴിലാളിവർഗ്ഗവും മററു പുരോഗമന ശക്തികളും, ഫാസിസത്തിൻെറയും, അതിൻെറ സ്വാധീന ശക്തിയുടേയും പരിപൂർണ്ണ വിനാശത്തിന്നുവേണ്ടി പരിശ്രമിക്കണം." ഇതു ചിന്ത്യമായ ഒരു സംഗതിയാണു്. ഫാസിസം വേഷം മാറിയും, സ്വരം താഴ്ത്തിയും പതുങ്ങിയൊളിഞ്ഞും പല രാഷ്ട്രങ്ങളിലും ഇന്നും ജീവിച്ചുവരുന്നു. അതിനെ മനസ്സിലാക്കി കണ്ടുപിടിച്ചു നശിപ്പിക്കുന്നതിന്നു തൊഴിലാളികൾ തന്നെ മുന്നിട്ടിറങ്ങണം. ഭാവിയിൽ സമാധാനപരമായ ഒരു സമുദായ ഘടന സൃഷ്ടിക്കണമെങ്കിൽ, ഫാസിസത്തിൻെറ, കണികപോലും പററിപ്പിടിച്ചു നിൽക്കുന്നതിന്നു അനുവദിച്ചുകൂടാ. ഐക്യത്തിൻെറ പേരിലും ആവേശത്തിൻെറ പേരിലും വിട്ടുവീഴ്ച്ച പ്രവർത്തിച്ചാൽ അനന്തരഫലം ആപൽകരമായിരിക്കും. നാം നമ്മുടെ വിട്ടുവീഴ്ച്ചകൾക്കു ഇന്നു് രക്തവും മാംസവും സമർപ്പിക്കുന്നു. ഈ യുദ്ധത്തിന്നു ശേഷവും അങ്ങിനെയുള്ള നയം കൈക്കൊള്ളുവാൻ പാടില്ല.

യുദ്ധത്തിലെപ്പോലെതന്നെ, യുദ്ധാനന്തര പുനഃനിർമ്മാണ പദ്ധതിയിലും തൊഴിലാളി വർഗ്ഗത്തിന്നു സജീവമായ ഒരു സ്ഥാനമാണുള്ളതു്. തൊഴിലാളിവർഗ്ഗം മേലിൽ ഭാരം ചുമക്കുന്ന മൃഗങ്ങളെപ്പോലെയും, അടിമകളെപ്പോലെയും മററുള്ളവരുടെ മടിശ്ശീല വീർപ്പിക്കുന്നതിന്നായി മാത്രം ജോലി ചെയ്യുകയില്ല. അവരിന്നു ചെയ്തുവരുന്ന ത്യാഗങ്ങൾ വമ്പിച്ചതാണു്. അവരുടെ ഗുണത്തിന്നും വിമോചനത്തിന്നും വേണ്ടിയാണീത്യാഗങ്ങൾ അവർ സ്വമേധയാ ചെയ്യുന്നതു്. തൊഴിലാളികൾ സമാധാനപരമായി സമത്വത്തോടെ വർത്തിക്കുന്ന ഏതൊരു വർഗ്ഗത്തേയും സാമുദായികവിഭാഗത്തേയും വെറുക്കുന്നില്ല. അവരെല്ലാമായിട്ടു അവർ സഹകരിക്കും. സാമൂഹ്യോല്പാദനത്തിൽ അവർക്കു പങ്കു വേണം; ഭരണകൂടത്തിൽ അവർക്കൊരു കയ്യു വേണം; രാഷ്ട്രീയവും അന്തർദ്ദേശീയവുമായ നയങ്ങൾ രൂപീകരിക്കുന്നതിൽ അവരുടെ അഭിപ്രായങ്ങൾക്കും ഗണനകൾ നൽകണം. നാളത്തെ ലോകത്തിൽ ശാശ്വത സമാധാനവും, സമ്പൽസമൃദ്ധിയും, സമത്വബോധവും സംജാതമാകണമെങ്കിൽ, ഈ ആവശ്യങ്ങൾ വകവെച്ചു കൊടുക്കുകതന്നെ വേണം.

---

## "നിരന്നിറങ്ങുവിൻ"

(കെ. ജി. പിള്ള.)

(അന്നനട)

"ഉണരുവിൻ, നിങ്ങളുണരിൻ, ഭാരത-
ജനനി കേഴുന്ന തൊന്നു കേൾക്കുവിൻ!
സഹജരേ! അമ്മ നശിച്ചുകൊൾവതിൽ
സഹതാപം നിങ്ങൾക്കൊരു തരിമ്പില്ലേ?
ശ്രവിക്കുവിൻ, വീരപ്രസുവാമമ്മത-
ന്നവനപ്രാർത്ഥന, യതിദയനീയം,
"നിരന്നിറങ്ങുവിൻ" ഇറങ്ങുവിൻ, നേരേ-
യരിയുവാനരി നിവഹമാകവേ.
വിശുദ്ധമാം "ബുദ്ധ" തിരുനാമത്തിനെ
അശുദ്ധമാക്കിടും ഖലപ്രമുഖരെ,
അധിരാജത്വമാം ദുരാശയാൽ ഭുവി-
അധർമ്മം മേല്ക്കുമേലണയ്ക്കും നീചരെ,
പ്രശാന്ത ജീവിത വിഹായസ്സിൽക്കാറും-
പിശറുമത്യന്ത മിയററും ദുഷ്ടരെ;
ഒടുക്കിക്കൊള്ളുവാൻ, ജയക്കൊടി നാട്ടാൻ,
"അടക്കളത്തിലേക്കു" ഞർന്നു ചേരുവിൻ!
ഇവിടമല്ലയോ യുവത്വത്തിൻ ഫല-
മവിളംബം വിളഞ്ഞിടുന്നതാം വയൽ?
ഇവിടമല്ലയോ സമത്വമാം ഗുണ-
ഛവി വിതറിടും സനാതന സ്ഥാനം?
മധുരചിന്തകൾ മുളയിടുന്നൊരു-
മധുവനമതു മിവിടമല്ലയോ?
ചുടുനിണം കുടിച്ചലറിടും കാളി
നടനമാടിടും കുരുതിമണ്ഡപം,
സമസ്തസിദ്ധിയും വിരവിൽ കൈവരാൻ-
സമർത്ഥമാമിട മിവിടമല്ലയോ?
നിരന്നിറങ്ങുവിൻ, ഇറങ്ങുവിൻ, നേരേ-
യരിയുവാനരിനിവഹമാകവേ;
രുധിര നീരാഴി മഥിച്ചു ശാന്തിയാം-
സുധയെടുക്കുവാൻ "നിരന്നിറങ്ങുവിൻ"!!

ഏകാങ്കനാടകം

# "വിവാഹവേദിയിലേയ്ക്ക്"

(കെ. പി. സതിനാഥ്, വൈത്തിരി.)

## രംഗം 1

(സ്ഥലം—പയ്യാമ്പലം കടപ്പുറം. സമയം—വൈകുന്നേരം നാലുമണി. പട്ടാള ഉടുപ്പും ധരിച്ച സുമുഖനും സുന്ദരനുമായ ഒരാൾ ബീച്ചിൽക്കൂടി മന്ദംമന്ദം നടന്നുവരുന്നു. അദ്ദേഹത്തിന്നു എതിരെവന്ന ഒരു സുഹൃത്ത്)

ഇതാര്? മിസ്റ്റർ ചന്ദ്രനോ?

ചന്ദ്രൻ: പുഞ്ചിരിതൂകിക്കൊണ്ട്—അതേ സ്നേഹിതാ! നിങ്ങളുടെ തെണ്ടിയും കാശിന്നു ഗതിയുമില്ലാതെ നടന്ന ചന്ദ്രൻതന്നെയാണു.

സുകുമാരൻ: അല്ല; അതിരിക്കട്ടെ, നിങ്ങൾ എപ്പഴാണു വന്നതു്?

ചന്ദ്രൻ: മിനിഞ്ഞാന്നു ഉച്ചയ്ക്കത്തെ മെയിലിന്നു.

സുകു: എന്തൊക്കെയാണ് വിശേഷം—ഇപ്പോഴെവിടെയാണു? ഈ കാണുന്നതായ മിന്നിത്തിളങ്ങുന്ന രണ്ടു ചിറകോടുകൂടിയ ബാഡ്ജ് ഏതു കമ്പിനിയേയാണ് കുറിക്കുന്നതു്.

ചന്ദ്രൻ: ഞാൻ ഇപ്പഴ് ജാവൽഗഞ്ച് എന്ന സ്ഥലത്താണ്. ഈ കാണുന്ന ബാഡ്ജ് ഐ.എ.എഫ്. കമ്പിനിയിലേതാണ്.

സുകു: സ്നേഹിതാ! പട്ടാളജീവിതം താങ്കളെ ഒരു പുതിയ മനുഷ്യനാക്കിത്തീർത്തിരിക്കുന്നു. ഇന്നാണ് എൻെറ ആഗ്രഹം സഫലമായതു്. നിങ്ങൾ ഒരു ഉദ്യോഗം കിട്ടികാണുവാൻ ഞാൻ ആശിച്ചിരുന്ന ആ ഒരു കാലം—അയ്യോ, അതെനിക്കു ഇന്നും ആലോചിക്കവയ്യ.

(രണ്ടുപേരും കൈകൾ കോർത്തു ബീച്ചിൽക്കൂടി നടന്നു തെക്കുഭാഗത്തുള്ള ഉന്നതമായ പാറയുടെ മുകളിൽ ചെന്നിരിക്കുന്നു.)

ചന്ദ്രൻ: സുകുമാരാ! കഴിഞ്ഞ രണ്ടുവർഷത്തിന്നപ്പുറം ഞാൻ നിശ്ചയിച്ച ജീവിതം എത്ര ദയനീയമായിരുന്നു. ഹാ! ആ കാലത്തു പ്രിയപ്പെട്ട പിതാവിനാൽ പരിത്യജിക്കപ്പെട്ടു. എൻെറ ബന്ധുക്കളെല്ലാവരും ഞങ്ങളെ വെറുത്തു. ഞാൻ എൻെറ പ്രിയമാതാവിനെ രക്ഷിക്കുവാൻ പലേ മാർഗ്ഗങ്ങളുമന്വേഷിച്ചു നടന്നുതുടങ്ങി. കഷ്ടപ്പെട്ടു കഴിഞ്ഞുതായ ആ കാലം എന്നെ എത്രയും സ്നേഹിച്ചു നടന്നതായ എൻെറ ആത്മമിത്രങ്ങൾപോലും എന്നെ വെറുത്തു. ഞാൻ പ്രവൃത്തിക്കായി എത്രയോ മുതലാളിമാരുടെ പടിവാതുക്കൽ ചെന്നു ദയനീയമാംവിധം കേണപേക്ഷിച്ചും ആ ധനദുർദ്ദേവതകൾക്കുണ്ടോ എൻെറ ദീനരോദനം കേൾക്കുന്നു. വീണ്ടും ഞാൻ എത്രയോ പ്രധാനികളെ ചെന്നുഭയം പ്രാപിച്ചു അവരിൽനിന്നു വല്ല ഒരു സഹായവും സിദ്ധിക്കുമെന്നു ഞാൻ ആശിച്ചു. അതും നിഷ്ഫലംതന്നെ. വാടകക്കുള്ള വീടു, നാടാകെ പടർന്നുപിടിച്ച ഭക്ഷണക്ഷാമം, പ്രവൃത്തിയില്ലായ്മ, ഇവയാൽ ഞാൻ നീറിപുകഞ്ഞു. ദുഷ്ടന്മാരായ ജാപ്പാൻകാർ ബർമ്മാ, സിങ്കപ്പൂർ ഇവയൊക്കെ ഒരു ഞൊടിയിടകൊണ്ട് കൈക്കലാക്കുന്നു. രാജ്യമൊട്ടുക്കും എരിപൊരികൊള്ളുന്ന കാലം. ഹാ! ഞാനും എൻെറ അമ്മയും കത്തിക്കുവാൻ മണ്ണെണ്ണക്കൂടി വാങ്ങാൻ ഒരു പൈ കയ്യിലില്ലാതെ എത്ര പട്ടിണിയാണു കിടന്നതു്. സ്നേഹിതാ, പ്രിയ മിത്രമേ! ഞങ്ങൾ അനുഭവിച്ചതായ ആ ദുരന്തമായ സങ്കടം എൻെറ ആത്മസുഹൃത്തായ നിങ്ങൾപോലും അറിഞ്ഞിരുന്നില്ല. അയ്യോ ആ കാലത്തെ എനിക്കു ഇപ്പോഴും തിരിഞ്ഞുനോക്കുവാൻ ധൈര്യം വന്നില്ല. കീചകനു സമാനനായ വീട്ടുടമ അവൻെറ വരവും വീട്ടുവാടകക്കു നിർബ്ബന്ധിക്കുന്നതായ ആ ഒരു രംഗം ഒരുവക. എന്നെ അല്പമെങ്കിലും സ്നേഹിച്ചുവന്നതായ പിതൃഭവനക്കാർപോലും എന്നെ തീരെ തള്ളി. കഞ്ഞിവെള്ളംപോലും കുടിക്കാതെ ഞങ്ങൾ വളരെ നാൾ കിടന്നു.

സുകു: പ്രിയ ചന്ദ്രാ! ഞാൻ നിൻെറ ഒരുററ മിത്രമായിരുന്നിട്ടുകൂടി നിങ്ങൾ എന്നോടു ഒരു സംഗതിപോലും പറയാത്തതിൽ ഞാൻ നിങ്ങളെ മനസാ അഭിനന്ദിക്കുന്നു.

ചന്ദ്രൻ: സുകു! ഭാവിയിൽ ഒരവസരത്തിൽ പറയുമെന്നു ഞാൻ കരുതിയിരുന്നു. ഇന്നാണ് എനിക്കതു പറയുവാൻ സംഗതിവന്നതു്. അതു എന്തുകൊണ്ടു ഞാൻ പട്ടാളത്തിൽ ചേർന്നതിനാൽതന്നെ. അല്ലെങ്കിൽ ഇന്നും പറയുവാൻ എനിക്കു സാധിക്കുമായിരുന്നില്ല. എന്നാൽ ഇത്രയൊക്കെ ആയിട്ടുകൂടി ഒരൊററ ആശ മാത്രം എന്നെ ഹൃദയംഗമമായി സ്നേഹിച്ചുവന്നിരുന്നു. അതു ഒരേഴുകൊല്ലം മുമ്പു തുടങ്ങിയുള്ള സഹോദരീസ്നേഹം—അവസാനം പ്രണയവഴിത്തു പാഥിയിട്ടു. ഇന്നാവട്ടെ അതു അനുരാഗവല്ലിയായി തളിർത്തുനില്ക്കുന്നു—ആ ഒരൊററ പിഞ്ചു ഹൃദയം മാത്രം എൻെറ പരവശതയിലും പങ്കുകൊണ്ടിരുന്നു. എന്നതിൻെറ ശേഷം എനിക്കു അവസാനം തോന്നിയതു പട്ടാളജീവിതം നയിക്കുവാനാണ്. ഞാൻ ഒരു ദിവസം എൻെറ പ്രിയമാതാവിനെ—അതെ—എനിക്കുവേണ്ടി സകല സുഖങ്ങളും തൃണവൽഗണിച്ചതായ മാതാവിനെപോലും അറിയിക്കാതെ പട്ടാളത്തിൽചേർന്നു. ചേർന്നതിൻെറ പിറേറന്നുതന്നെ എന്നെ കയററിവിട്ടു. ഞാൻ ബോമ്പായിൽ എത്തി. ഐ. എ. എഫിൽ ഒരു വെറും ഫിററർ മാത്രമായിട്ടാണ് ചേർന്നതു്. എന്നാൽ ഒരൊററ കൊല്ലംകൊണ്ട് എൻെറ ട്രയിനിങ്ങ് കഴിക്കുകയും എന്നെ വിമാനത്തിൽ ഒരു മേക്കാനിക്കായി നിശ്ചയിക്കുകയും ചെയ്തു. ഇന്നെനിക്കു നൂററമ്പതുറുപ്പിക ശമ്പളം കിട്ടുന്നു. മാസംതോറും നൂറുറുപ്പിക ഫേമലി അലോട്ട്മെൻറ് അമ്മക്കു എഴുതിയിരിക്കുന്നു. ഇന്നു എൻെറ ജന്മം സഫലമായി. പട്ടാളത്തിൽ ചേരുവാൻ എന്നെ പ്രേരിപ്പിച്ചതു പട്ടിണിയാണെങ്കിലും ഇന്നെന്നെ എത്ര ജനങ്ങൾ ആദരിച്ചുവരുന്നു. ഞാൻ ചേർന്നതായ ഉടനെ ഒരു ആറുമാസംവരെ എനിക്കു പട്ടാളജീവിതം വളരെ ദുർഘടം പിടിച്ച ഒരു ഘട്ടമായിരുന്നു. എന്നാൽ ഇന്നാവട്ടെ ക്രൂരന്മാരായ ജാപ്പാൻകാരുടെ മേൽ ബോമ്പുവർഷം ചെയ്യുന്നതു് എനിക്കെന്തൊരാഹ്ലാദമാണെന്നറിയുമൊ. ഇന്നു കേവലം ഒരു മൂന്നുവർഷം കൊണ്ടു ഞാൻ "ഫ്ലയിങ്ങ് ഓഫീസറാ"യിട്ടാണ് ജോലി ചെയ്യുന്നതു്. ഈ കാലത്തിലിടക്കു പലപ്രാവശ്യം ഞാൻ ജപ്പാൻെറ അധീനതയിലുള്ള ആയുധനിർമ്മാണശാലകളും എണ്ണത്താവളങ്ങളും ബോമ്പു ചെയ്തിട്ടുണ്ട്. ഈ ലീവ് കഴിഞ്ഞതായ ഉടനെ ഞാൻ ഇനി പോവുന്നതു ജപ്പാനെത്തന്നെ ബോമ്പിങ്ങുചെയ്തു വെണ്ണീറാക്കുവാനാണ്. ഹാ! ആ ദുഷ്ടന്മാരുടെ കൊടുംകൈകൾക്കു പ്രതികാരം ചെയ്യുവാൻ ഇന്നു ഇടവരുത്തിയതു ഞാൻ പട്ടാളത്തിൽ ചേർന്നതിനാലല്ലെ? ഇന്നു ഈ ലോകം—ഞാൻ തെണ്ടിയും തെമ്മാടിയുമെന്നു പറഞ്ഞു എന്നെ പുറംതള്ളിയ സമുദായം—എന്നെ ഏതു നിലയിലാണ് ആദരിക്കുന്നതു. ഇതും സാദ്ധ്യമായതു ഞാൻ പട്ടാളത്തിൽ ചേർന്നതിനാലല്ലെ.

സുകു: സഹോദരാ! താൻ പട്ടാളജീവിതത്തെ ഇത്ര ഒക്കെ പാടിപുകഴ്ത്തുന്നുവല്ലൊ. തന്നെപോലുള്ള ചിലർ പറയുന്നതു പട്ടാളജീവിതം മഹാ നരകമെന്നല്ലെ അതിനെന്താണ് കാരണം?

ചന്ദ്ര: സുകു, ആ വാക്കു പറയുന്നതു മഹാവഞ്ചന്മാരാണ്. അവരാണ് അഞ്ചാംപത്തിക്കാർ, അവർ നിങ്ങളാരും പട്ടാളത്തിൽ ചേരരുതു. ഗവമ്മേണ്ടിനെ ഒരു നിലക്കും സഹായിക്കരുതു്. നമുക്കു കഴിയുംവിധം അട്ടിമറിപ്രവൃത്തികൊണ്ടു ബ്രിട്ടീഷുകാരെ നാട്ടിൽനിന്നോട്ടി ജാപ്പാനെ ജർമ്മനിയെ ഭരിക്കണം ഇന്ത്യ—എന്തിങ്ങിനെ ചന്ദ്രനെ കണ്ടതായ പട്ടി കുരയ്ക്കുംപോലെ കുരക്കുന്നു—അതിനെന്തൊരു അർത്ഥമാണ്. എന്നെപോലുള്ളവർക്കു പട്ടാളജീവിതം സ്വർഗ്ഗീയസുഖമാണ്. ശത്രുനിരകളെ അറിയുവാനുള്ള കരബലം നമുക്കു പ്രകൃതീദേവി തന്നിട്ടില്ലെ. ഭാരതീയ രക്തമല്ലെ എന്നിലുള്ളതു്. നമ്മുടെ സിരകളിൽ ഭാരതച്ചുടുരക്തം പ്രവഹിച്ചുകൊണ്ടിരിക്കെ നമ്മുടെ ഭാരതാംബ നീചന്മാരായ ജാപ്പാൻ കൊള്ളക്കാരുടെ മട്ടനമേററു അപമാനപെടുകയോ? അതു ശരിയാണോ? ഭാരതജനനിയുടെ ചാരിത്രം രക്ഷിക്കുവാനല്ലെ ധീരരായ സന്താനങ്ങളായ നമ്മൾ. കാട്ടാളികളായ ആ കുരങ്ങന്മാരെ—അവർ ചെയ്ത കൊടുംകൃത്യങ്ങൾക്കു പ്രതികാരം ചെയ്യിട്ടില്ലാതെ—അതെ അവരുടെ നാട്ടിലിട്ടുതന്നെ അവരോടു ഈ ചെയ്തികൾക്കു ഉത്തരം ചോദിച്ചല്ലാതെ—എന്നെപ്പോലുള്ള ഭാരതപുത്രന്മാർ അടങ്ങി, നില്ക്കുന്നതല്ല. സുകു, ഈ യുദ്ധംകൊണ്ടു എന്തെല്ലാം നഷ്ടകഷ്ടങ്ങളാണ് നാം അനുഭവിക്കുന്നതു്.

സുകു: ചന്ദ്രാ! നാം സംസാരിച്ചു സമയം അതിക്രമിച്ചു. എന്നാൽ പോവുകയല്ലെ! (ചന്ദ്രൻ റിസ്റ്റ്‌വാച്ച് നോക്കി—സമയം 9½ കഴിഞ്ഞു എന്നാൽ പോവാം—രണ്ടു പേരും എഴുന്നീററു സംസാരിച്ചുകൊണ്ടുപോവുന്നു.)

## രംഗം 2

(സ്ഥലം—പൂവള്ളിയിൽ ഭവനം. സമയം—രാവിലെ ഒമ്പതുമണി. എന്തൊ ഒരു തിക്കും തിരക്കും നടക്കുന്നുണ്ടു. അവിടെ ഏതൊ ഒരു വിരുന്നുകാരൻെറ വരവിനെ പ്രതീക്ഷിച്ചിരിക്കയാണു. പതിവിലധികം ഭക്ഷണപദാർത്ഥങ്ങൾ പാകം ചെയ്യുന്നതിൽ ആ വീട്ടിലെ മുത്തശ്ശി ഏർപ്പെട്ടിരിക്കയാണ്. സുന്ദരിയും സൌഭാഗ്യസമ്പന്നയുമായ ഒരു ബാലിക—അതെ—സൌദാമിനി. അന്നത്തെ പ്രഭാതം അവളെ എന്തെന്നില്ലാതെ ആഹ്ലാദപ്പെടുത്തിയിരിക്കണം—അവൾ അതിരാവിലെ കുളിച്ചു തൻെറ ഹൃദയദീപം സമ്മാനമായി അയച്ചുകൊടുത്ത പച്ചസില്ക്കിൻെറ സാരി ചുററിയിരിക്കുന്നു. നെററിയിൽ സിന്ദൂരപൊട്ടു തൊട്ടിരിക്കുന്നു. അവളുടെ ജാഗ്രതയുള്ള നടത്തവും ഇടയ്ക്കിടെ പടിക്കലെക്കുള്ള നോട്ടവും ആ ചഞ്ചലൽക്കൺമിഴികളിൽ എന്തൊ ഒരാനന്ദം കളിയാടിയിരുന്നു. മന്ദഹാസം തൂകികൊണ്ടു അവളുടെ വദനം നല്ലവണ്ണം തെളിഞ്ഞിരിക്കുന്നു. അവളുടെ ഹൃദയവും നയനവും ആരെയൊ കാണുവാൻ എന്നോണ്ണം വെമ്പുന്നുണ്ടു.)

മുത്തശ്ശി: സൌദേ! നീ എന്താണ് ചെയ്യുന്നതു്? അമ്മ എവിടെ. അവൻ ഇപ്പഴ് വരില്ലെ. നീ എന്നും വെറും കളിക്കുട്ടിയായിക്കഴിഞ്ഞാൽ മതിയൊ—കാലം മാറിയതൊന്നും നീ അറിഞ്ഞിട്ടെ ഇല്ല അല്ലെ. അവൻെറ സ്നേഹിതന്മാർ ആരെങ്കിലും ഒപ്പമുണ്ടെങ്കിൽ എന്തു വിചാരിക്കും.

സൌദാ: എന്തു വിചാരിക്കാനാണ്? ചന്ദ്രനു പററിയ ചന്ദ്രികതന്നെ—അമ്മേ മുത്തശ്ശി വിളിയ്ക്കുന്നു.

അമ്മ: എന്താവശ്യം—നീ ഇല്ലെ അവിടെ—നിണക്കു ജ്യേഷ്ഠൻ വരുന്നതിൻെറ തിരക്കാണല്ലെ (പോകുന്നു.)

## രംഗം 3

സ്ഥലം: സുകുമാരൻെറ ഭവനം കമലാലയം. സമയം 8 മണി. വറാന്തയിൽ സുകുമാരൻെറ മുത്തശ്ശി വെററില ചെല്ലവുമായി ഇരിയ്ക്കുന്നു. ചന്ദ്രൻ കോലായിൽ വന്നു കയറി—

മുത്തശ്ശി! സുകുമാരൻ ഇല്ല്യെ ഇവിടെ.

മുത്തശ്ശി: ഉണ്ടു മോനെ! അവൻ കുളിക്കുകയാണ്. നീ എന്താണു നില്ക്കുന്നതു, ഇരിയ്ക്കു; എവിടെയാണു രണ്ടാളും പോവാൻ ശ്രമിക്കുന്നതു്?

ചന്ദ്രൻ: ഞങ്ങൾക്കൊന്നു പൂവള്ളിയിൽ പോവണം.

മുത്തശ്ശി : ഉം—എന്താ പൂവള്ളിക്കാർക്ക് നീ പോവുന്നതു സമ്മതമാണൊ ? — നീയും സൌദാമിനിയും തമ്മിലുള്ള സ്നേഹത്തിന്ന അവർ എന്തൊക്കെയാണ് പറഞ്ഞിരുന്നതു്. തെണ്ടിയും തെമ്മാടിയുമായ ചെറുക്കൻ കാശിന്നപോലും ഗതിയില്ലാതെ അലഞ്ഞു നടക്കുന്ന ഒരുവനെയാണൊ നീ ഭർത്താവായി വരിക്കുന്നതു എന്ന ആ ചെറിയ പെൺകുട്ടിയെ ആ മുത്തശ്ശി എത്ര ശകാരിച്ചിരുന്നുവെന്നൊ—നിണക്കെന്തിനാണവൻ, നിണക്കെത്ര നല്ല പണവും പഠിപ്പുമുള്ള ചെറുപ്പക്കാരുണ്ട ഭർത്താവാകാൻ? എന്നിട്ടും ആ തെണ്ടിയെയാണൊ നീ കണ്ടതു ? ഇന്ന ആ മട്ടെല്ലാം മാറി മോനെ, ഹാവൂ ; ഇന്ന ചന്ദ്രനെന്ന പറയുമ്പഴക്ക മുത്തശ്ശിയുടെ കണ്ണിൽ വെള്ളം നിറഞ്ഞു. നിന്റെ നന്മക്കായി മുത്തശ്ശിയും അവളുടെ അമ്മയും എന്തൊക്കെ പ്രാർത്ഥനയാണ പ്രാർത്ഥിക്കുന്നതെന്ന അറിഞ്ഞൊ, മോനേ! നോക്കു കാലം മാറിയ മാററം. എല്ലാം പണത്തിന്മേൽതന്നെ. പണവും പ്രതാപവുമല്ലെ ഇന്ന ജനങ്ങൾ നോക്കുന്നതു്. പണമില്ലാത്തവൻ പിണത്തിന്ന സമമല്ലെ ?

ചന്ദ്രൻ : മുത്തശ്ശി ഞാനും സൌദുവും തമ്മിൽ സ്നേഹമായിട്ടു കൊല്ലം എട്ടു കഴിഞ്ഞു. എന്നാൽ ഞങ്ങളുടെ ആ സ്നേഹമാകുന്ന കപ്പൽ എത്ര കട്ടംപാറമേൽ ഒക്കെ ചെന്നടിച്ചു കഴിഞ്ഞു. എങ്കിലും ഞങ്ങളുടെ കപ്പലിന്ന യാതൊരു ഹാനിയും തട്ടിയിട്ടില്ല. ഇന്നാവട്ടെ അവരെല്ലാം എന്നെ ബഹുമാനിക്കുന്നതിന്റെ അർത്ഥം ഞാൻ പട്ടാളത്തിൽ ചേർന്നതിനാലല്ലെ.

സുകുമാരൻ കുളികഴിഞ്ഞു ഡ്രസ്സ് ചെയ്തു പുറത്തു വരുന്നു. ചിരിച്ചുകൊണ്ടു്

എന്താ മിസ്റ്റർ ചന്ദ്രാ, പോവുകയല്ലെ ?

ചന്ദ്രൻ : പോവാം.

(മുത്തശ്ശിയോടു യാത്ര പറഞ്ഞു ചന്ദ്രനും സുകുമാരനും പോകുന്നു.)

## രംഗം 4

(സ്ഥലം—പൂവള്ളിയിൽ ഭവനം. സമയം—രാവിലെ പത്തു മണി.)

ചന്ദ്രനും സുകുമാരനും വീട്ടിലേക്ക കയറി വരുന്നു. സൌദാമിനി കാർമേഘം കണ്ട മയിൽപേടയപോലെ ആഹ്ലാദിക്കുന്നു. ചന്ദ്രനെ കണ്ട ഉടനെ അവളുടെ ഹൃദയത്തിൽ എന്തൊ ഒരു കിക്കിളി. കീറമുണ്ടും കീറ ഷർട്ടും ഇട്ടു ഒട്ടി ചുളിഞ്ഞ കവിൾതടവും കുണ്ടിൽ ചാടിയ കണ്ണുകളുമായി നടന്നിരുന്ന ചന്ദ്രൻ അതെ അവളുടെ ഹൃദയേശ്വരൻ തുടുതുടുപ്പുള്ള മുഖവും പ്രകാശിച്ചുകൊണ്ടിരിക്കുന്ന കണ്ണുകളും ഗൌരവമായ നോട്ടവും കായികപരിശീലനത്താൽ ചുടുരക്തം തുളമ്പുന്ന ദേഹവും പട്ടാളരീതിയിൽ ഉള്ള കാക്കി കാലുറയും ഷർട്ടും ഹേററും കണ്ടപ്പോൾ അവൾ തന്നെത്താൻ മറന്ന നിശ്ചേഷ്ടയായി നിന്നുപോയി. "ഹാവൂ ; ജയിച്ചു. ഞങ്ങളുടെ ദുഷ്കാലം നീങ്ങി." എന്ന അവൾ തന്നെത്താൻ പറഞ്ഞുപോയി.)

ചന്ദ്രൻ : ചിരിച്ചുകൊണ്ടു് എന്താ സൌദു അറിയുമൊ ?

സൌദു : ചന്ദ്രജ്യേഷ്ഠനെ അറിയില്ലെന്ന പറയുന്നതു ഇന്നത്തെ നിലക്ക പോരായ്മയല്ലെ. പക്ഷെ ഒന്ന മാത്രം. ചന്ദ്രേട്ടൻ പണ്ടത്തെ ആ . . . . ചന്ദ്രനല്ല . . .

ചന്ദ്രൻ: അതെന്താണ് അവിടെ ഒരു വിക്കൽ. പണ്ടത്തെ തെണ്ടിയും കാശിന്ന ഗതിയുമില്ലാത്ത ചന്ദ്രനല്ല എന്ന പറയു. സൌദുവിന്റെ കണ്ണിൽ വെള്ളം നിറയുന്നു,

സൌദാ : തൊണ്ടയിടറികൊണ്ടു—ജ്യേഷ്ഠാ ! ആ വാക്ക ഞാൻ പറഞ്ഞതല്ലല്ലൊ. നിങ്ങൾ ഓർക്കുന്നുണ്ടൊ മൂന്ന വർഷത്തിനുപ്പുറം നാം രണ്ടുപേരും പയ്യാമ്പലം കടല്ക്കരയിൽ ഇരുന്ന സമയം നിങ്ങൾ പറഞ്ഞതു ഓർക്കുന്നുണ്ടൊ. ഓമനെ! ഞാനൊരു പട്ടാളക്കാരനായാൽ എന്നെ നിങ്ങൾ എല്ലാവരും ആദരിക്കുകയും ബഹുമാനിക്കുകയുമില്ലെ എന്ന്.

ചന്ദ്രൻ : അതിനെന്താണിത്ര തെററു ഞാൻ അന്ന പറഞ്ഞതു ഇന്ന ഫലത്തിലല്ലെ. നീ എന്നെ സ്നേഹിക്കുന്നതിനാൽ നിന്റെ മുത്തശ്ശിയും അമ്മയും എന്തൊക്കെ പറഞ്ഞിരുന്നു. ഇന്നാവട്ടെ അവർ എന്നെ ഇങ്ങോട്ടു ക്ഷണിക്കുന്നു. അപ്പോൾ ഇതിനൊക്കെ വഴിയായതും ഞാൻ പട്ടാളത്തിൽ ചേർന്നതിനാലല്ലെ? എന്റെ പട്ടിണിയെ പരിഹരിച്ചതും നിണക്കും നിന്റെ വീട്ടുകാർക്കും ഇത്രയും ബഹുമാനിക്കുവാൻ ഇടയാക്കിയതും ഞാൻ പട്ടാളത്തിൽ ചേർന്നതിനാലല്ലെ. ഇന്ന നിന്നെ വിവാഹം ചെയ്യുവാൻ എന്നെ പ്രേരിപ്പിക്കുന്നതും ഞാൻ പട്ടാളക്കാരനായതിനാലല്ലെ. നിന്റെ വീട്ടുകാർ നിർബ്ബന്ധിക്കുന്നതും അതുതന്നെയല്ലെ. ശത്രുനിരകളെ അരിയെണ്ടും വാൾ ഏന്തേണ്ട എന്റെ ബാഹുക്കളാൽ പല്ലവത്തിനൊത്ത സൌദുവിന്റെ കരപല്ലവം പിടിക്കുവാനുള്ള ഭാഗ്യം സിദ്ധിച്ചതും ഞാൻ ഒരു ഭടനായതുകൊണ്ടല്ലെ. ഞാൻ മുമ്പത്തെ തെണ്ടിയും കാശിന്ന ഗതിയുമില്ലാത്തവനായിരുന്നെങ്കിൽ ഈ ജന്മത്തിൽ എനിക്കതു സാദ്ധ്യമാകുമൊ ?

(അതിലിടക്ക സൌദാമിനിയുടെ അമ്മ അവർക്ക ചായ കൊണ്ടു കൊടുത്തു. അവർ ചായകുടിച്ചു. ഊണും കഴിച്ചു ചന്ദ്രന്റെ പട്ടാളജീവിതത്തെ പററി മുത്തശ്ശി ഓരോന്നും അന്വേഷിച്ചു. ഒടുവിൽ ചന്ദ്രനും സുകുമാരനും പുറപ്പെട്ടു.)

സൌദ : ജ്യേഷ്ഠാ! ഇനി എന്നാണ് ഇങ്ങോട്ടു വരുന്നതു്. ഈയുള്ളവളെ മറന്നേക്കരുതേ.

ചന്ദ്രൻ : ഓമനേ ! ഞാൻ സ്നേഹത്തെ വിലക്കു വില്ക്കുന്നവനല്ല ഞാൻ ഒരു ധീരയോദ്ധാവാണ്. മുമ്പത്തെ ആ . . . . . . . . . . സൌദു വായ പൊത്തുന്നു.

സൌദാ : ജ്യേഷ്ഠാ ! ഈയുള്ളവൾക്കുവേണ്ടി ഇനി എങ്കിലും ആ പഴങ്കഥ പാടരുതെ.

ചന്ദ്രൻ : എന്നാൽ ഞാൻ പോകുന്നു. വിജയലക്ഷ്മിയുടെ വരണമാല്യം അണിയേണ്ടുന്ന എന്റെ കഴുത്തിൽ എന്റെ അനുരാഗവല്ലിയുടെ പുഷ്പ മാല്യം അണിയുന്ന ആ സുദിനത്തിൽ അതെ വരുന്ന ബുധനാഴ്ച നമുക്ക കാണാം. സൌദാമിനി ലജ്ജിച്ചു നില്ക്കുന്നു. ചന്ദ്രനും സുകുമാരനും യാത്ര പറഞ്ഞുപോകുന്നു.

## രംഗം 5

(സ്ഥലം—കമലാലയം. സമയം—വൈകന്നേരം നാലു മണി.)

ഫ്ലയിങ്ങ് ഓഫീസർ ചന്ദ്രനും പൂവള്ളിയിൽ സൌദാമിനിയും തമ്മിലുള്ള വിവാഹം മംഗളമായി നടന്നതിന്റെ പിറെറ ദിവസം സുകുമാരന്റെ ഭവനമായ കമലാലയത്തിൽവെച്ചു വധൂവരന്മാർക്ക ഒരു തെയില സല്ക്കാരം നൽകുവാൻ അവന്റെ മിത്രങ്ങൾ തീർച്ചയാക്കിയിരുന്നു. ചന്ദ്രനും സൌദാമിനിയും രണ്ടു പേരുടെയും ബന്ധുജനങ്ങളും മിത്രങ്ങളും ഇരുന്നു. എല്ലാവരും ചായ കുടി കഴിഞ്ഞു. മിസ്സ് കമലാവതി സുകുവിന്റെ സഹോദരി എഴുന്നീററുനിന്നു: "മാന്യ സഹോദരീസഹോദരങ്ങളേ ! ഇവിടെ രണ്ടുവാക്കു പറയുവാൻ ഞാൻ കടപ്പെട്ടവളാണ്. എന്തെന്നാൽ വിദ്യാർത്ഥിജീവിതകാലത്തെ എന്റെ ഒരാത്മമിത്രമായി നടന്ന സൌദാമിനിയും എന്റെ ജ്യേഷ്ഠന്റെ സ്നേഹിതനായ മി. ചന്ദ്രനും തമ്മിൽ നടന്ന ഈ വിവാഹമഹോത്സവത്തിൽ നാം എല്ലാവരും ഹൃദയാഹ്ലാദത്തോടെ പങ്കുചേരുകയും അതോടൊന്നിച്ചു വധൂവരന്മാരുടെ ദാമ്പത്യ ജീവിതം നീണാൾ പുലർന്ന വരുവാൻ സർവ്വശക്തനായ ദൈവം അനുഗ്രഹിക്കുമാറാകുവാൻ നാം എല്ലാവരും ദൈവത്തെ പ്രാർത്ഥിക്കേണ്ടതുമാണ്. (ഹസ്തഘോഷം.) എന്നാൽ മി. ചന്ദ്രന്റെ കഴിഞ്ഞുപോയ ജീവിതം എനിക്ക ഇന്നും അോർക്കവയ്യ. കീറ ഷർട്ടും കീറിയ മുണ്ടും ഒട്ടി ചുളിഞ്ഞ രക്തപ്രകാശമില്ലാത്ത കവിൾതടങ്ങളും കുണ്ടിൽ ചാടിയ കണ്ണുകളും കൊണ്ടു സകലരാലും തെണ്ടിയും തെമ്മാടിയുമെന്ന പാടി പുകഴ്ത്തിയ ചന്ദ്രൻ പ്രത്യേകം ഇന്നദ്ദേഹത്തിന്റെ വാമഭാഗത്തെ അലങ്കരിച്ചിരിക്കുന്ന ആ സാധ്വീരത്നത്തിന്റെ വീട്ടുകാർ എത്രകണ്ടു ആ പാവനചിത്തനെ പരിഹസിച്ചുവെന്നൊ, അതെനിക്ക ഇന്നത്തെ ഈ സദസ്സിൽ വെച്ചു വിവരിക്കുവാൻ വയ്യാ. എന്നാൽ ഇന്നു മിലട്ടറി ജീവിതം അദ്ദേഹത്തെ ഒരു പുതു മനുഷ്യനാക്കിത്തീർത്തു. സകല ജനങ്ങളാലും പത്രങ്ങളാലും പുകഴ്ത്തപ്പെട്ട ഒരു ധീരയോദ്ധാവ്, അതെ എന്റെ ആത്മസ്നേഹിതയുടെ ആത്മവല്ലഭൻ ആ മാന്യൻ ദുഷ്ടരായ ശത്രുസഞ്ചയങ്ങളെ പാടെ നശിപ്പിക്കുവാൻ അശ്രാന്തപരിശ്രമം ചെയ്യു. വിജയലക്ഷ്മിയുടെ വരണമാല്യവുമണിഞ്ഞു, സസുഖം വന്നുചേർന്ന് ഈ "മധുവിധു" ജീവിതം നിണാൾ പുലത്തുവാൻ സർവ്വശക്തൻ തുണയരുളുമാറാകട്ടെ ! (എല്ലാവരും ഹസ്തഘോഷം.) ചന്ദ്രസൌദാമിനിമാരൊരുത്തു ചേർന്ന ആയുരാരോഗ്യസമ്പത്തുക്കളോടെ നിണാൾ വാഴ്ന്നിരിക്കട്ടെ! നീണാൾ ജീവിക്കട്ടെ ! ! (ഹസ്തഘോഷം.)

(ചന്ദ്രനും സൌദാമിനിയും എഴുന്നേററുനിന്നു.)

ചന്ദ്രൻ : മാന്യമിത്രങ്ങളേ ! മാന്യസഹോദരികളേ ! എനിക്കിവിടെ അധികമൊന്നും പറയുവാൻ ഇല്ല. പറയേണ്ടതൊക്കെയും എന്റെ ആത്മസ്നേഹിതന്റെ സഹോദരിയും എന്റെ വല്ലഭയുടെ സ്നേഹിതയുമായ ശ്രീ കമലാവതി പറഞ്ഞിരിക്കുന്നു, എങ്കിലും എനിക്ക രണ്ടുവാക്കു പറയാതെ നിവൃത്തിയില്ല. ആയതു മുൻസ്ഥിതിക്കാണെങ്കിൽ പരിഹാസ്യമായും ഇന്നത്തെ നിലക്ക പോരായ്മയായും തീരുന്നതാണല്ലൊ. എന്നാൽ എന്റെ കഴിഞ്ഞകാലത്തെ ജീവിതരീതിയെപ്പററി അധികമൊന്നും പറയേണ്ടതില്ല. അതിൽ അല്പഭാഗം ശ്രീ കമലം പറയുകയും ചെയ്തിരിക്കുന്നു. ആ ജീവിതത്തെപ്പററി അറിയാത്തവർ ഈ സദസ്സിൽ അധികം പേരുണ്ടാവുന്നതല്ല. എന്നാൽ ഇന്നു എന്റെ ഭാര്യാപദത്തെ അലങ്കരിച്ചു എന്റെ ഇടത്തു നില്ക്കുന്ന സൌദാമിനിയെ എനിക്ക വല്ലഭയായി പൊതുജനസമക്ഷംവെച്ചു വിവാഹം ചെയ്യുവാൻ ഇടയാക്കിയ ആ വിധിയെ മാത്രമാണ് എനിക്ക കീർത്തിക്കുവാനുള്ളതു. (ഹസ്തഘോഷം.) ഞാൻ ഒരു തെണ്ടിയും കാശിന്ന ഗതിയില്ലാതെയും നടന്നിരുന്ന കാലം എന്റെ ഓമനയുടെ വീട്ടുകാരും സ്നേഹിതകളും അവളെ എന്തൊക്കെ പറഞ്ഞു പരിഹസിച്ചിരുന്നു. (ചിലർ തല താഴ്ത്തിയിരിക്കുന്നു) എന്നാൽ ഇന്നു അവരുടെ മുഖത്തു കരിവാരിത്തേയ്ക്കുവാൻ ഇടയാക്കിത്തീർത്ത ആ പുണ്യജീവിതം—അതെ പട്ടാളജീവിതം—എത്രമാത്രം പുണ്യവാനാക്കിചെയ്തു—ഞാൻ ഇന്നു ഭാഗ്യവാനായി—ഞാൻ ഇന്നു ഒരു ഭടനായിരുന്നില്ലെങ്കിൽ ഈ സൌദാമിനിയുടെ വരണമാല്യം എന്റെ കഴുത്തിലണിയുവാനോ, ഈ സദസ്സിൽവെച്ചു എല്ലാ മാന്യന്മാരാലും ബഹുമാനിക്കുവാനൊ എനിക്ക സാദ്ധ്യമാവുന്നതല്ലായിരുന്നു—ഹസ്തഘോഷം—എന്നാൽ എന്നെപോലുള്ള ധീരയോദ്ധാക്കൾ ഇനിയും കേരളക്കരയിൽനിന്ന ധൈര്യസമേതം മുന്നോട്ടുവരുവാനും ഈ വഞ്ചനാപരമായ യുദ്ധത്തിന്റെ കാരണഭൂതരായ ആ നാസികളേയും ജപ്പാൻകാരെയും നിശ്ശേഷം നിഹനിക്കുവാനും നാട്ടിൽ സമാധാനം പാലിക്കുവാനും ഞാൻ വിനീതനായി അഭ്യർത്ഥിക്കുകയും—അതോടുകൂടി സൌദാമിനി പരിണയത്തിന്ന ഇടയാക്കിയ പട്ടാളജീവിതത്തെയും—എനിക്ക സൌദുവെ തരില്ലെന്ന ആദ്യം പറഞ്ഞുവെങ്കിലും പിന്നീടെങ്കിലും അവരിങ്ങോട്ടു തന്നെ സമ്മതിച്ചു വിവാഹംചെയ്തു തന്ന പൂവള്ളി വീട്ടുകാരെയും—ഇന്നത്തെ ഈ വിരുന്ന സല്ക്കാരം ചെയ്യുവരും അതിൽ പങ്കുകൊണ്ടതായ എല്ലാ മാന്യമഹതീമഹാന്മാരേയും ഞാൻ ഹൃദയാൽ അഭിനന്ദിക്കുകയും അവർക്കെല്ലാവർക്കും ഞാൻ നന്ദിപറഞ്ഞുംകൊണ്ടു ഇവിടെ പൂർണ്ണവിരാമമിട്ടുകൊള്ളുന്നു. (എല്ലാവരും ഹസ്തഘോഷം.) (എല്ലാവരും ചന്ദ്രസൌദാമിനിയെ ആശീർവ്വദിച്ചു പിരിഞ്ഞുപോകുന്നു.)

(ശുഭം)

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.